# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെറുപുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1744/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/12/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുപുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1744/2024 തീയ്യതി: 18/12/2024

## കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-10-2023 മുതൽ 03-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി.വി ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയരക്ടർ | 04-11-2024 | 13-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2024 | 13-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ സുരേഷ് ബാബു കെ.വി,ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്,
2. ശ്രീ ഷൈജു മാത്യു,ഓഡിറ്റ് ഓഫീസർ,
3. ശ്രീ പ്രമോദ് കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
4. ശ്രീ അഭിഷേക് കെ,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ. എഫ് അലക്സാണ്ടർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ വിനോദ് കുമാർ കെ | സെക്രട്ടറി | 01-04-2023 | 25-04-2023 |
| ശ്രീമതി രമാദേവി ഇ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-04-2023 | 31-05-2023 |
| ശ്രീ വിനോദ് കുമാർ കെ | സെക്രട്ടറി | 01-06-2023 | 10-07-2023 |
| ശ്രീമതി രമാദേവി ഇ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2023 | 05-11-2023 |
| ശ്രീ ജയകുമാർ ആർ | സെക്രട്ടറി | 06-11-2023 | 01-12-2023 |
| ശ്രീ പ്രതീഷ് വി.വി | സെക്രട്ടറി | 02-12-2023 | 15-12-2023 |
| ശ്രീമതി രമാദേവി ഇ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-12-2023 | 23-01-2024 |
| ശ്രീ ജയകുമാർ ആർ | സെക്രട്ടറി | 24-01-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രശാന്ത് കെ.ജി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 | 17-05-2023 |
| ശ്രീ സാന്റോ ജോർജ്ജ് | അസിസ്റ്റന്റ് എൻജിനീയർ ഇൻ ചാർജ് | 18-05-2023 | 11-09-2023 |
| ശ്രീ നിതിൻ ടി.വി | അസിസ്റ്റന്റ് എൻജിനീയർ | 12-09-2023 | 31-03-2024 |
| ശ്രീ ജിതിൻ വി.വി | കൃഷി ഓഫീസർ | 01-04-2023 | 19-05-2023 |
| ശ്രീ ജയരാജൻ നായർ കെ | കൃഷി ഓഫീസർ | 20-05-2023 | 15-06-2023 |
| ശ്രീമതി അഞ്ജു പി | കൃഷി ഓഫീസർ | 16-06-2023 | 31-03-2024 |
| ശ്രീമതി മായാജ്യോതി എൻ.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.സേതുലക്ഷ്മി | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 01-04-2023 | 13-10-2023 |
| ഡോ.ആകർഷ് സി. എ | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 14-10-2023 | 08-02-2024 |
| ഡോ.ജോബിൻ പി സോളമൻ | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 09-02-2024 | 27-02-2024 |
| ഡോ.അർജ്ജുൻ ദേവ് എൻ | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 28-02-2024 | 31-03-2024 |
| ഡോ.ജയദീപ് പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.ജിബിൻ ചെറിയാൻ | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.പൊന്നി.എം.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി.മിനി നാരായണൻ പി.വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ പ്രജീഷ് കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വയക്കര സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ രതീഷ് എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുളിങ്ങോം സർക്കിൾ | 01-04-2023 | 22-07-2023 |

| | | | |
|---|---|---|---|
| ശ്രീ പ്രജീഷ് കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുളിങ്ങോം സർക്കിൾ ഇൻ ചാർജ് | 23-07-2023 | 24-07-2023 |
| ശ്രീ സന്തുപ് പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുളിങ്ങോം സർക്കിൾ | 25-07-2023 | 24-09-2023 |
| ശ്രീ രാജീവ് സി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുളിങ്ങോം സർക്കിൾ | 25-09-2023 | 31-03-2024 |
| ശ്രീ മോഹൻ ടി.പി | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീ രമാദേവി ഇ.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാലൻസ് ഷീറ്റിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ള മിച്ച തുക ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | ഹെൽത്ത് ഗ്രാന്റ്-ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-1-4 |
| 6 | ആസ്തി മൂല്യം, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-5 |
| 7 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ ബാധ്യതയായി നിലനിർത്തുന്നു. | 1-1-6 |
| 8 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | അക്രൂവൽ അടിസ്ഥാനത്തിലുളള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-10 |
| 12 | വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയില്ല. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | സ്റ്റെയിൽ ചെക്ക് ഇനത്തിലെ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നിലനിർത്തുന്നു. | 1-1-13 |
| 15 | സർക്കാർ തിരിച്ചെടുത്ത തുക ( Receivables Of Redemption) ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല | 1-2-1 |
| 18 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമ പദ്ധതികൾ | 1-7 |
| 23 | ക്യാഷ് പരിശോധന | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | ഗ്രാമസഭ | 1-11 |
| 27 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു. | 1-12 |
| 28 | ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത - 7500 രൂപയുടെ നഷ്ടം | 1-13 |
| 29 | സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 30 | ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങൾ -ക്രമവൽക്കരണ നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസം | 1-15 |

| | | |
|---|---|---|
| 31 | സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തു നികുതി ഈടാക്കേണ്ടതാണ്. | 1-16 |
| 32 | 2023-24 ൽ പുതിയതായി നികുതി നിർണ്ണയിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ബാധകമാക്കിയിട്ടില്ല | 1-17 |
| 33 | വസ്തു നികുതി – അനുബന്ധ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-18 |
| 34 | റിസോർട്ടുകളിൽ നിന്നും നികുതികൾ, ലൈസൻസ് ഈടാക്കുന്നില്ല | 1-19 |
| 35 | തൊഴിൽ നികുതി ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല | 1-20 |
| 36 | വിനോദനികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-21 |
| 37 | പിഗ് & ഡോഗ് ലൈസൻസുകൾ 2023-24 വർഷം പുതുക്കിയിട്ടില്ല | 1-22 |
| 38 | M/S ജിയോ ഡിജിറ്റൽ ഫൈബർ (P)ലിമിറ്റഡിന് റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി-വിശദാംശങ്ങൾ ലഭ്യമല്ല. | 1-23 |
| 39 | വരവിനങ്ങളിലെ കുടിശ്ശിക-തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-24 |
| 40 | എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-105362 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 41 | സെക്രട്ടറിയുടെ ശമ്പളം ഇനത്തിൽ അധികം അനുവദിച്ച 652 രൂപ ഈടാക്കേണ്ടതാണ്. | 1-26 |
| 42 | വിവിധ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല - 1479449 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 43 | കണ്ണൂർ വിവരസഞ്ചയിക പ്രോജക്ട് -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല - 609780 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 44 | ഹോമിയോ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസം 2,19,403 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 45 | പത്താമുദയം സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല -രേഖകൾ ഹാജരാക്കിയിട്ടില്ല 25350 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 46 | ഗോത്ര സാരഥി പദ്ധതി-അധികം അനുവദിച്ച 401 രൂപ ഈടാക്കേണ്ടതാണ്. | 1-31 |
| 47 | വാങ്ങലുകൾ നടത്തുമ്പോൾ ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല. | 1-32 |
| 48 | പാലിയേറ്റീവ് കെയർ - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 140054 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 49 | താത്കാലിക നിയമനം നടത്തിയ ഡോക്ടർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും അനുവദിച്ച തുകയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല-68810 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 50 | കുടുംബാരോഗ്യകേന്ദ്രത്തിലും, ഉപകേന്ദ്രത്തിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - വാലേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല 84600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35 |
| 51 | ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കുന്നതിൽ കാലതാമസം. | 1-36 |
| 52 | മാലിന്യ സംസ്കരണം | 1-37 |
| | **ഭാഗം 2** | |
| 1 | ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത - 7500 രൂപയുടെ നഷ്ടം | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ - 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24-06-2024 തീയതിയിലെ 136/2024 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 25-06-2024 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 31.03.2024 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii)സി &എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ,ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,

18.12.2024.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

### 1-1-1 ബാലൻസ് ഷീറ്റിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ള മിച്ച തുക ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപെടുത്തിയ മിച്ചതുകയുമായി പൊരുത്തപെടുന്നില്ല.

ബാലൻസ് ഷീറ്റിലെ ബി-1 ഷെഡ്യൂളിൽ (310900101) ക്യാരിഓവർ ചെയ്തിട്ടുള്ള മിച്ച തുക ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുകയുമായി പൊരുത്തപ്പെടുന്നില്ല. ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മിച്ചം തുകയിൽ Prior Period Income/Expenditure ഇനങ്ങൾ ക്രമീകരിച്ച ശേഷമുള്ള തുക പഞ്ചായത്ത് ഫണ്ട് ബി 1 – ഷെഡ്യൂളിൽ രേഖപ്പെടുത്തിയതിന്റെ ആധികാരികത വിശദീകരിക്കപ്പെട്ടില്ല.

### 1-1-2 ഹെൽത്ത് ഗ്രാന്റ്-ചെലവ് തുകകൾ പൊരുത്തപെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം HEALTH & WELLNESS (160100770) എന്ന ഹെഡിലേക്ക് 186800 രൂപയും DIAGNOSTIC INFRASTRUCTURE (160100771) എന്ന ഹെഡിലേക്ക് 888579 രൂപയുമാണ് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ

വാർഷിക ധനകാര്യ പത്രികയിലെ ഐ-6 ഷെഡ്യൂളിലേക്ക് ജേണൽ ചെയ്ത വരവുകൾ. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവു പത്രിക എന്നിവ പ്രകാരം ഈ ഇനത്തിൽ വരുന്ന ചെലവുകൾ യഥാക്രമം 419000രൂപയും 656379 രൂപയുമാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

## 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്ത ഗ്രാന്റുകളുടെ B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക | B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| കേന്ദ്രധനകാര്യകമ്മീഷൻഗ്രാന്റ് | 8810863<br>(ബേസിക് ഗ്രാന്റ്-4331608+ടൈഡ് ഗ്രാന്റ് - 4479255) | 8823675 |

B4 ഷെഡ്യൂളിൽ കേന്ദ്രധനകാര്യകമ്മീഷൻഗ്രാന്റ് ആകെ നീക്കിയിരിപ്പ് (8810863 രൂപ) ശരിയാണെങ്കിലും ഇനം തിരിച്ചുള്ള നീക്കിയിരിപ്പിൽ വ്യത്യാസമുണ്ട്. ബേസിക്ക് ഗ്രാന്റ് നീക്കിയിരിപ്പ് 8258608/- രൂപയും ടൈഡ് ഫണ്ട് നീക്കിയിരിപ്പ് 552255 രൂപയും ആണ്. മുന്നിരിപ്പ് പി ഡി ഇ ചെയ്തപ്പോൾ വന്ന വ്യത്യാസം ഇതുവരെ പരിഹരിച്ചിട്ടില്ല.

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് എ സി ആർ പ്രകാരമുള്ള ചെലവ് തുക (ആകെ 6533294 രൂപ) സുലേഖ ചെലവ് പത്രികപ്രകാരമുള്ള ചെലവ് തുകയുമായും (6833294 രൂപ) വാർഷിക ധനകാര്യ പത്രികയിലെ ഐ-6 ഷെഡ്യൂളിലേക്ക് ജേണൽ ചെയ്ത വരവ് തുകയുമായും പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

## 1-1-4 ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥമൂല്യം വാർഷിക ധനകാര്യപത്രികയിൽ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(ഇ)) പ്രതിഫലിക്കുന്നില്ല.

## 1-1-5 ആസ്തി മൂല്യം, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ആസ്തി മൂല്യം, ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-1-6 ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ ബാധ്യതയായി നിലനിർത്തുന്നു.

31.03.2024-ലെ ബാലൻസ് ഷീറ്റ്, ബി -4 ഷെഡ്യൂൾ പ്രകാരം ബാധ്യതായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ യഥാവിധി ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്യാതെ പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി നിലനിർത്തുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

## 1-1-7 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-8 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase /(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹20887057 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)₹31146420 യാണ്.

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-9 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

(1) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല. ചട്ടം 62 (ഇ) പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(2) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
(3) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
(4) നോട്ട് ഓൺ അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-10 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2024-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./ തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക(₹) |
|---|---|---|
| 110100101-Property Tax On Residential Buildings | **42301395/31-03-2024** | 5,520,319 |
| 10100102-Property Tax On Non Residential Buildings | **42301391 /31-03-2024** | 2,542,034 |

### 1-1-11 വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ പരിശോധന നടത്തിയിട്ടില്ല.

### 1-1-12 ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

സർക്കാരിന്റെ 26.07.2011-ലെ ജി.ഒ(എം.എസ്) 152/2011/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ -2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ

പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### 1-1-13 സ്റ്റെയിൽ ചെക്ക് ഇനത്തിലെ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നിലനിർത്തുന്നു.

B-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheques (350800101) ഇനത്തിൽ ₹241133 രേഖപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷത്തെ വാർഷിക കണക്കിലും ഇതേ തുകയാണ് ഈ ഇനത്തിൽ കാണിച്ചിട്ടുള്ളത്. പ്രസ്തുത ഇനത്തിൽ കാലാവധി കഴിഞ്ഞ ₹241133 തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നിലനിർത്തുന്നു.

### 1-1-14 സർക്കാർ തിരിച്ചെടുത്ത തുക ( Receivables Of Redemption) ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

2023-24 വർഷം RP-45 Receivables Of Redemption (431500199) പ്രകാരം 2051830 രൂപ സർക്കാർ തിരിച്ചെടുക്കുകയുണ്ടായി. തുക തിരിച്ച് ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 06-03-2023 തീയതിയിലെ യോഗത്തിലെ 17/2023 നമ്പർ തീരുമാനപ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 06-03-2023 തീയതിയിൽ രാവിലെ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ 01/2023(1)) ഭരണസമിതിയുടെ 01/2023 (2) നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 06-02-2024 തീയതിയിലെ യോഗത്തിലെ 06/2024 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും 09-02-2024 തീയതിയിൽ രാവിലെ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 27/2024 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ₹ | പുതുക്കിയ ബജറ്റ് പ്രകാരം ₹ |
|---|---|---|
| മുന്നിരിപ്പ് | 6473649 | 27235300 |
| വരവ് | 710696200 | 539302462 |
| ആകെ | 717169849 | 566537762 |
| ചെലവ് | 709440665 | 550553681 |
| നീക്കിയിരിപ്പ് | 7729184 | 15984081 |

പുതുക്കിയ ബജറ്റും യഥാർത്ഥ സാമ്പത്തിക നിലയും തമ്മിൽ വരവിലും ചെലവിലും വലിയ അന്തരം നിലനിൽക്കുന്നുണ്ട്. ബജറ്റ് അടങ്കലുകൾ യഥാർത്ഥ വരവ് ചെലവുമായി പരമാവധി താദാത്മ്യം പ്രാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-2-1 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹55243017 |
| ഓഡിറ്റ് വർഷത്തെ | ₹129990543 |

| | |
|---|---|
| ആകെ വരവ് | |
| ആകെ | ₹185233560 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹109103486 |
| നീക്കിയിരിപ്പ് | ₹76130074 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹7500 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1053 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2732808 |

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇനങ്ങൾ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ട തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 33734000 | 33734000 | 30550996 | 3183004 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 1678000 | 1678000 | 1678000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 2890000 | 2890000 | 2890000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 20502650 | 20502650 | 5814680 | 14687970 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4068000 | 4068000 | 3889584 | 178416 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് | 4366698 | 5736694* | 10103392 | 1844784 | 8258608 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1351265 | 4189500 | 5540765 | 4988510 | 552255 |
| ഹെൽത്ത് ഗ്രാന്റ് -രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | 5845 | 1026979 | 1032824 | 772479 | 260345 |
| ഹെൽത്ത് ഗ്രാന്റ്- കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾനടപ്പാക്കൽ | 22665 | 425406 | 448701 | 302900 | 145171 |
| ഹെൽത്ത് ഗ്രാന്റ് - കെട്ടിടങ്ങൾ ഇല്ലാത്ത | 0 | 5611000 | 5611000 | 0 | 5611000 |

| | | | | | |
|---|---|---|---|---|---|
| ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ ധനസഹായം | | | | | |
| ഐ.സി.ഡി.എസ്-കേന്ദ്രവിഹിതം | 1120631 | 2183541 | 3304172 | 990655 | 2313517 |
| എം.പി.ഫണ്ട് | 15635 | 523 | 16158 | 0 | 16158 |
| എം ജി എൻ ആർ ഇ ജി എസ് | 383317 | 79873055 | 80256372 | 80255372 | 1000 |
| അഗതിരഹിത കേരളം, ചലഞ്ച് ഫണ്ട് | **0** | 0 | **0** | 0 | **0 **** |
| ശുചിത്വ മിഷൻ ഗ്രാന്റ് | 457179 | 0 | 457179 | 457179 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 0 | 100314 | 100314 | 0 | 100314 |
| സ്വച്ഛ് ഭാരത് അഭിയാൻ ഫണ്ട് | 0 | 1030745 | 1030745 | 1030745 | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 9296401 | 18860000 | 28156401 | 25695000 | 2461401 |
| വിമുക്തി | 14580 | 0 | 14580 | 2500 | 12080 |
| ആരോഗ്യ കേരളം | 197758 | 0 | 197758 | 0 | 197758 |
| ശിശു സൗഹാർദ ടോയിലറ്റ് | 12000 | 0 | 12000 | 0 | 12000 |
| കിഫ്ബി | 76315 *** | 0 | 76315 | 0 | 76315 |
| കെ.എസ്.എഫ്.ഇ. ഓൺലൈൻ വിദ്യാസഹായി | 40000 | 0 | 40000 | 0 | 40000 |
| കൃഷി അവാർഡ് | 100000 | 0 | 100000 | 0 | 100000 |
| കാനം വയൽ ഇടക്കോളനി പാലം | 500000 | 0 | 500000 | 0 | 500000 |
| കാനം വയൽ സാംസ്കാരിക നിലയം | 1585820 | 0 | 1585820 | 0 | 1585820 |
| പൈക്ക | 85152 | 2910 | 88062 | 0 | 88062 |
| സാക്ഷരത | 39972 | 1142 | 41114 | 0 | 41114 |
| സാക്ഷരത-മറ്റ് വരവുകൾ | 0 | 4318 | 4318 | 4318 | 0 |
| കാനം വയൽ പാലം കോർപ്പസ് ഫണ്ട് | 4379478 | 0 | 4379478 | 1795324 | 2584154 |
| ദുരിതാശ്വാസനിധി | 37997 | 1520 | 39517 | 0 | 39517 |

*150694 രൂപ പലിശയിനത്തിലുള്ള വരവാണ്.

**പദ്ധതിയിൽ തൻവർഷം ചെലവില്ല. കുടുബശ്രീ സി ഡി എസ്-ന് മുൻ വർഷം അനുവദിച്ച തുകയിൽ (അക്കൗണ്ട് നമ്പർ -67336871243, എസ് ബി ഐ,ചെറുപുഴ) 31-03-2024 തീയതിയിൽ 14,36,167രൂപ നീക്കിയിരിപ്പുണ്ട്.

***എ സി ആർ പ്രകാരം 76315 രൂപയാണ് മുന്നിരിപ്പ്.

**വിവിധ ഗ്രാന്റുകൾ ലഭ്യമായതിന്റെയും ഗ്രാന്റ് അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യുതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.**

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. സർക്കാർ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്ന ജി.ഒ.പ്രോജക്ടുകളുടെ വകയിരുത്തൽ തുക ഉൾപ്പെടാതെ ചെലവ് മാത്രമാണ് 2023-24 സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നത്. വകയിരുത്തൽ ചെലവ് സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

2.ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ രണ്ടാം ഗഡു ,മെയിന്റനൻസ് ഗ്രാന്റുകളുടെ മൂന്നാം ഗഡു എന്നിവ പഞ്ചായത്തിന് 2023-24 വർഷം അലോട്ട്മെന്റായി ലഭിച്ചിട്ടില്ല. പൊതു ഉദ്ദേശ്യ ഗ്രാന്റ് 2023-24 വർഷം അവസാന മൂന്ന് ഗഡുക്കളും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഗ്രാന്റ് ഇനം | ബജറ്റ് വിഹിതം | ലഭിച്ച ഗ്രാന്റ് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ് | 8379000 | 4189500 | 4189500 | 2023-24 ലെ കുറവ് വന്ന വിഹിതം 4189500രൂപ2024-25 സാമ്പത്തിക വർഷം ലഭിച്ചു |
| 2 | മെയിനന്റൻസ് ഗ്രാന്റ് (റോഡ്) | 30754000 | 20502650 | 10251350 | - |
| 3 | മെയിനന്റൻസ് ഗ്രാന്റ് ( നോൺ റോഡ്) | 6102000 | 4068000 | 2034000 | - |
| 4 | പൊതു ആവശ്യ ഫണ്ട് | 18835000 | 14126400 | 4708600 | - |
| | ആകെ | | | 21183450 | |

മേൽ പട്ടിക പ്രകാരം സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി അനുവദിച്ച തുകയിൽ 21183450 രൂപ ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ചില്ല. പ്രസ്തുത തുകയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിനത്തിലെ 2023-24 വർഷത്തെ രണ്ടാം ഗഡു തുകയായ 4189500 രൂപ 2024-25 സാമ്പത്തികവർഷം ലഭിച്ചത് കുറവ് ചെയ്താൽ ഗ്രാമപഞ്ചായത്തിന് ആകെ 2023-24 വർഷത്തിൽ 16993950 രൂപയുടെ ബജറ്റ് വിഹിതം ലഭിച്ചില്ല. ഇതിന് പുറമെ വികസനഫണ്ട്, മെയിന്റനസ് ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകയിൽ ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതെ വന്നതിനാലും (ക്യൂ ബില്ലുകൾ) 5 ലക്ഷത്തിൽ കൂടുതൽ ഉള്ള ബില്ലുകൾ ട്രഷറിയിൽ നിന്നും പാസാക്കാത്തതിനാലും 18049390 *രൂപയും ലാപ്സായി. സർക്കാർ അനുവദിച്ച ബജറ്റ് വിഹിതം ലഭിക്കാതെ വന്നതിനാൽ 16993950 രൂപയും അലോട്ട്മെന്റായി ലഭിച്ച തുകയിൽ ട്രഷറി നിയന്ത്രണങ്ങളാലും മറ്റ് കാരണങ്ങളാലും 18049380 രൂപ ലാപ്സായതിനാലും ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടിയിരുന്ന വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കേണ്ടിയിരുന്ന തുകയിൽ ആകെ 350433330* രൂപയാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കാതെ വരികയോ ലാപ്സാകുകയോ ചെയ്തത്.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2023-24 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 150694 രൂപ വരവായി ACR, Grant Statementഎന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ്, ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച പ്രകാരമുള്ള കണക്കുകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 255 | 314929472 | 150 | 132530841 | 27 | 123 | 105 | 48.24 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 6 | 3727129 | 2618790 | 70.26 |
| വെറ്റിനറി സർജൻ | 6 | 4 | 4112700 | 2132800 | 51.86 |
| മെഡിക്കൽ ഓഫീസർ-പി എച്ച്സി | 10 | 10 | 7373009 | 6136553 | 83.23 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 600000 | 600000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 100000 | 100000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വയക്കര,പുളിങ്ങോം സർക്കിളുകൾ) | 31 | 28 | 206875878 | 85282106 | 41.22 |
| ഐസിഡിഎസ് സൂപ്പർവൈസർ | 12 | 12 | 8401000 | 6339774 | 75.46 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 40 | 31 | 11506093 | 8611688 | 74.84 |
| ഹെഡ്മാസ്റ്റർ,ഗവൺമെന്റ് എൽ പി സ്കൂൾ | 10 | 5 | 1419981 | 982504 | 69.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 127 | 45 | 65496182 | 15430179 | 23.56 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3057500 | 2555995 | 83.60 |
| അസിസ്റ്റന്റ് സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 7 | 6 | 2260000 | 1740452 | 77.01 |
| ആകെ | 255 | 150 | 314929472 | 132530841 | 42.08 |

**ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ തിരിച്ചടവ്, അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക അടങ്കലിൽ ചേർക്കാതെ ചെലവു കാണിച്ചതിനാൽ സുലേഖ ചെലവ് പത്രികയിലെ ചെലവു ശതമാനം കൂടിയിട്ടുണ്ട്.

ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ( 2022-27) രണ്ടാം വാർഷിക പദ്ധതിയ്ക്ക് (2023-24) ജില്ലാ ആസൂത്രണ സമിതിയുടെ 68/2023/DPC/DPO/KNRതീയതി 07.03.2024നമ്പർ ഉത്തരവു പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 61 സ്പിൽഓവർ പ്രോജക്ടുകളും 194 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 255 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷിക പദ്ധതിയുടെ ആകെ അടങ്കൽ 309686973 രൂപയാണ്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസന സെമിനാർ എന്നിവ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി/കമ്മറ്റിതീരുമാനം നമ്പർ |
|---|---|
| ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് അംഗീകരിച്ച | 09/2022,18/11/2022 |
| ആസൂത്രണ സമിതി യോഗം | 06/2022(01),16/12/2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 06/2022(02),16/12/2022 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ | 09/2022,18/11/2022 |

| | |
|---|---|
| ബോഡി | |
| കുട്ടികളുടെ ഗ്രാമസഭ | 06/2023(01),11/01/2023 |
| ഭിന്നശേഷി ഗ്രാമസഭ | 06/2023(01),11/01/2023 |
| വയോജന ഗ്രാമസഭ | 06/2023(01),11/01/2023 |
| വികസന സെമിനാർ | 01/2023(02),25/01/2023 |
| ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച | 01/2023(02),20/07/2023 |
| ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ച | 06/2023(01),23/02/2023 |
| വാർഷിക പദ്ധതി ഡിപിസി അംഗീകാരം (പ്രാഥമികം) | 14/03/2023 |
| വാർഷിക പദ്ധതി ഡിപിസി അംഗീകാരം (അന്തിമം) | 07/03/2024 |

**പദ്ധതിനിർവ്വഹണം**

അംഗീകാരം ലഭിച്ച 255 പ്രോജക്ടുകളിൽ 150 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. വിവിധ സ്രോതസ്സുകളിൽ നിന്നായി 309686973 രൂപ വകയിരുത്തിയതിൽ 132530841 രൂപ മാത്രമാണ് ചെലവഴിക്കാനായത്. വാർഷിക പദ്ധതി ചെലവ് ആകെ അടങ്കലിന്റെ 42.80% മാത്രം. ലഭ്യമായ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാലും ട്രഷറി നിയന്ത്രണങ്ങളാലും മറ്റുമായി 18049390രൂപ (ക്യൂ ബില്ലിലുണ്ടായിരുന്ന തുകയുൾപ്പെടെ) ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

**പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2023-24 ൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു. കാർഷിക മേഖലയിൽ തെങ്ങ് കൃഷി, വാഴകൃഷി, പച്ചക്കറി കൃഷി എന്നിവ പ്രോൽസാഹിപ്പിയ്ക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതി കാലയളവിൽ നടന്നത്. ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി അനുവദിയ്ക്കുന്നതിനും സാധിച്ചിരുന്നു. സാന്ത്വന പരിചരണം, മരുന്നുവാങ്ങൽ, പി എച്ച് സി യുടെ അടിസ്ഥാന വികസനം, മെൻസ്ട്രുവൽ കപ്പ് വിതരണം എന്നിവയായിരുന്നു ആരോഗ്യ മേഖലയിലെ പ്രോജക്ടുകൾ. പാർപ്പിട മേഖലയിൽ ലൈഫ് പദ്ധതി കാര്യക്ഷമമായി നിർഹിച്ചിട്ടുണ്ട്. വയോജന സൗഹൃദ പ്രവർത്തനങ്ങളും, സ്ത്രീകളുടെ ശുചിത്വം മുൻ നിറുത്തിയുള്ള പ്രവർത്തനങ്ങളും, അനുപൂരക പോഷകപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ 43 സ്പിൽഓവർ പ്രോജക്ടുകളും 84 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ 127 പ്രോജക്ടുകളിൽ കേവലം 45 എണ്ണത്തിന് മാത്രമെ തൻവർഷം ചെലവു വന്നിട്ടുള്ളൂ. റോഡ് നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നിന്നും പ്രോജക്ടുളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവ്വഹണ ഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായിട്ടില്ലെന്നുള്ളത് വാർഷിക പദ്ധതികളുടെ ന്യൂനതയാണ്. നിർവ്വഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷിക പദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

**വാർഷികപദ്ധതി വിലയിരുത്തൽ**

അസി.എഞ്ചിനീയർ, വെറ്ററിനറി സർജ്ജൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർക്ക് പ്രൊജക്റ്റ് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞില്ല. ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് വലിയ തുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ലഭിച്ച തുകകൾ കുറവായതിനാലാണ് വി.ഇ.ഒയുടെ ചെലവ് ശതമാനം കുറയാൻ കാരണമായത്. മേൽപറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

**സഞ്ചിതനിധിയിലേയ്ക്ക് 18049380 രൂപ തിരികെ എടുക്കപ്പെട്ടു**

സാങ്കേതിക കാരണങ്ങളാൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ

ച്ചവടെ ചേർക്കുന്നു. ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 18049380 രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തു.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക(സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്ത തുക) |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 33734000 | 30550996 | 3183004 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 20502650 | 5814680 | 14687970 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 4068000 | 3889594 | 178406 |
| ആകെ | | | 18049380 |

**വിനിയോഗത്തിലെ കുറവ്-ഫണ്ട് ഷോർട്ട് ഫാൾ ഉണ്ടാകുന്നതിനുമിടയാക്കുന്നു.**

സ.ഉ(കൈ)നം.79/2021/ധന തിയതി15.07.2021 പ്രകാരം വികസനഫണ്ടിലെ പൊതുവിഭാഗം സാധാരണവിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം, സംരക്ഷണ ഫണ്ട് എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ) തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഇപ്രകാരമുള്ള ഷോർട്ട്ഫോൾ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്. 2023-24 വർഷം ഗ്രാമ പഞ്ചായത്തിൽ വികസന ഫണ്ട് ജനറൽ, എസ്.സി.പി.ഇനങ്ങളിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിച്ചിട്ടുണ്ട്. എന്നാൽ സംരക്ഷണ ഫണ്ട് (റോഡ്), സംരക്ഷണ ഫണ്ട് (നോൺ റോഡ്) ഇനങ്ങളിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിക്കുവാൻ സാധിച്ചിട്ടില്ല. തൻവർഷം 80%-ൽ അധികം തുക ചെലവഴിക്കാതെ ഷോർട്ട് ഫോൾ ആകുവാൻ സാധ്യതയുള്ള ഫണ്ടിനങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2024-25ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ഷോർട്ട് ഫോൾ ഇനത്തിൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|---|
| സംരക്ഷണഫണ്ട് ( റോഡ്) | 20502650 | 5814680 | 14687970 | 28.36 | 4100530 | 10587440 |

ബജറ്റ് വിഹിതം സർക്കാർ പൂർണ്ണമായും അനുവദിക്കാത്തതിനാലും അനുവദിക്കപ്പെട്ട വിഹിതത്തിന്റെ അടിസ്ഥാനത്തിൽ നിർവഹണം നടത്തി തയ്യാറാക്കിയ വിവിധ പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് മാറി ലഭിക്കാത്തതിനാലും ഗ്രാമപഞ്ചായത്തിന് ഫണ്ട് നഷ്ടവും ഷോർട്ട് ഫാളും ഉണ്ടാകുവാനിടയായ വിഷയം പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത വിഷയം സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരാനുള്ള അടിയന്തിര നടപടികൾ ഭരണസമിതിയും സ്വീകരിക്കേണ്ടതാണ്. പദ്ധതിച്ചെലവിലുണ്ടാകുന്ന കുറവ് തുടർവർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ അടിയന്തര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 383317 | 1754307 | 2137624 | 2136624 | 1000 |
| ഗുണഭോക്താകൾക്ക് | 0 | 59258748 | 59258748 | 59258748 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ചെലവ് | 0 | 18860000 | 18860000 | 18860000 | 0 |
| ആകെ | 383317 | 79873055 | 80256372 | 80255372 | 1000 |

* വരവ് തുകയിൽ 5975 രൂപ പലിശയിനത്തിലുള്ള വരവാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7740200 | 673 |
| വിധവാ പെൻഷൻ | 11545200 | 1103 |
| വാർദ്ധക്യകാല പെൻഷൻ | 31984600 | 3242 |
| ഭിന്നശേഷി പെൻഷൻ | 4299100 | 406 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 775000 | 66 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.2024 ന് ഉച്ചക്ക് ശേഷം 2.57 PM മണിക്ക് ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54411 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള കാഷ് നീക്കിയിരിപ്പ് 200 രൂപയുൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ് -460100102 കാണുക) ആകെ കാഷ് നീക്കിയിരിപ്പ് 54611 രൂപയാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും, ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചോ നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. എന്നാൽ പ്രൊജക്ട് ഫയലുകളിൽ ഒന്നിലും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ ആവശ്യമായ രേഖകൾ കൃത്യമായി

തയ്യാറാക്കുന്നുണ്ട് എന്ന് പ്രതിമാസ യോഗങ്ങളിൽ വിലയിരുത്തേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ടി.ആർ.7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമാക്കുന്നതിനായി ഫീൽഡ്തല പരിശോധനയിലൂടെ കെട്ടിടങ്ങളുടെ ഒക്കുപെൻസിക്കു ശേഷമുള്ള കൂട്ടിചേർക്കലുകൾ നികുതി വിധേയമാക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം നീരിക്ഷണ കാലയളവിൽ ഉണ്ടാകുന്ന അറ്റകുറ്റ പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങളും പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ 26-12-2022 മുതൽ 01-01-2023 വരെയുള്ള തീയതികളിൽ ചേരുകയുണ്ടായി. 2023-24 സാമ്പത്തിക വർഷത്തിൽ 2023 മെയ്, ഡിസംബർ മാസങ്ങളിലായി ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. 2022-2023 വാർഷിക പദ്ധതി അവലോകനം, 2023-24 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനം, മാലിന്യമുക്ത നവകേരള ക്യാമ്പയിൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ,സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, 2024-2025 വാർഷിക പദ്ധതി രൂപീകരണം മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-12 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു.

22.03.2023 ലെ സ ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധിക നിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. എന്നാൽ 01-04-2023 ന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം ഗ്രാമപഞ്ചായത്തിൽ ഇതുവരെ നടപ്പിലാക്കപ്പെട്ടിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ പ്രാഥമികനടപടികളായ ഫീൽഡ് പരിശോധന പോലും ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ2/06.11.2024) മറുപടിയായി ഫീൽഡ് പരിശോധന നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടില്ലെന്നും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ ഫീൽഡ് പരിശോധന, പഞ്ചായത്തിൽ ലഭിച്ച 238 എണ്ണം 9 ബി ഫോറം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിലെ

## കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത – 7500 രൂപയുടെ നഷ്ടം

സ.ഉ (അച്ചടി)നം.25/2023/തസ്വഭവ, 05.04.23, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 4 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് വരെയുള്ളവ | 40 | 70 |
| 4 | ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ | 55 | 75 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി ചെറുപുഴ ഗ്രാമപഞ്ചായത്ത് 15.09.2023 തീയതിയിൽ 02/2023 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2,3,4 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6,10,50,65 എന്നിങ്ങനെയാണ്. എന്നാൽ താഴെ പറയുന്ന 2023-24 കാലയളവിലെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു. (രസീത് നമ്പർ 1230106532, 1230106533, 1230106534, 1230106535 തീയതി 23-02-2024 യഥാക്രമം 84 E, F, G, H കെട്ടിടങ്ങൾ) വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപയോഗ ക്രമം | ഇളവ്/ വർദ്ധനവ് | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം/ നിരക്ക് | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം/ നിരക്ക് | ഈടാക്കിയ നിരക്ക് (ലൈബ്രറി സെസ്സ് 5% ഉൾപ്പടെ) | ഈടാക്കേണ്ട നിരക്ക് (ലൈബ്രറി സെസ്സ് 5%) | വ്യത്യാസം (വാർഷിക വസ്തുനികുതി) |
|---|---|---|---|---|---|---|---|---|---|---|
| 1 | വാർഡ് 19/84ഇ | അഞ്ചില്ലത്ത് കബീർ | 75.18 | ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ | 20% വർദ്ധനവ്/ 10% ഇളവ് | മേൽ പട്ടികയിലെ ക്രമ നമ്പർ 1/₹6 | മേൽ പട്ടികയിലെ ക്രമ നമ്പർ 3/₹50 | 520 | 4343 | 3823 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | ബിൽഡിംഗ്സ് | | | | | | |
| 2 | വാർഡ് 19/84 എഫ് | അഞ്ചില്ലത്ത് കബീർ | 75.19 | ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ്സ് | 20% വർദ്ധനവ്/ 10% ഇളവ് | മേൽ പട്ടികയിലെ ക്രമ നമ്പർ 1/₹6 | മേൽ പട്ടികയിലെ ക്രമ നമ്പർ 3/₹50 | 520 | 4343 | 3823 |
| 3 | വാർഡ് 19/84ജി | അഞ്ചില്ലത്ത് കബീർ | 72.27 | ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ്സ് | 20% വർദ്ധനവ്/ 10% ഇളവ് | മേൽ പട്ടികയിലെ ക്രമ നമ്പർ 1/₹6 | മേൽ പട്ടികയിലെ ക്രമ നമ്പർ 3/₹50 | 500 | 4176 | 3676 |
| 4 | വാർഡ് 19/84 എച്ച് | അഞ്ചില്ലത്ത് കബീർ | 72.26 | ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ്സ് | 20% വർദ്ധനവ്/ 10% ഇളവ് | മേൽ പട്ടികയിലെ ക്രമ നമ്പർ 1/₹6 | മേൽ പട്ടികയിലെ ക്രമ നമ്പർ 3/₹50 | 500 | 4176 | 3676 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/11.11.2024) 2023 ലെ ഉത്തരവിൻ പ്രകാരം നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ വ്യക്തി 2023-24 രണ്ടാം അർദ്ധ വർഷത്തിൽ രൂപ 1020/-(250+250+260+260) പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നു. എന്നാൽ പ്രസ്തുത വ്യക്തി പഞ്ചായത്തിൽ 2023-24 രണ്ടാം അർദ്ധ വർഷം വസ്തുനികുതിയിനത്തിൽ ഒടുക്കേണ്ട ശരിയായ തുക രൂപ 8520/-(2088+2088+2172+2172) യാണ് ആയതിനാൽ പഞ്ചായത്തിനു 7500 (8520-1020) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് പ്രസ്തുത വ്യക്തിയിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 1-14 സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

സ.ഉ(പി)നം.25/2023/തസ്വഭവ,05.04.23 (എസ്ആർഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

| കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക് (₹) |
|---|---|---|
| സ്വിമ്മിങ് പൂളുകൾ,ജിംനേഷ്യങ്ങൾ,ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/ വാണിജ്യസ്വഭാവത്തോടു കൂടിയവ) | 25 | 45 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി 15.09.2023 തീയതിയിലെ ചെറുപുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02/2023 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും നികുതി നിരക്ക് ₹ 30 ആയി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര ടർഫുകൾ, സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധനവിധേയമാക്കി ഇവയുടെ നിർമ്മാണം ക്രമവൽക്കരിച്ച് ഒക്കുപ്പൻസി അനുവദിച്ച് വസ്തു നികുതി ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ

പ്രവർത്തിക്കുന്ന ടർഫുകൾ, സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ എന്നിവയിൽ നിന്നും വസ്തു നികുതിയും ലൈസൻസ് ഫീസും ഈടാക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങൾ -ക്രമവൽക്കരണ നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസം

ഗ്രാമപഞ്ചായത്തിൽ നിരവധി അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച് രണ്ടാം വാർഡ് മെമ്പർ എം ബാലകൃഷ്ണൻ, റെയ്ലേസ് ആർട്ട്സ് ക്ലബ്ബ് ചെറുപുഴ, സതീശൻ പെരിങ്ങേത്ത്, ബാബു മംഗലംകുന്നേൽ എന്നിവർ സമർപ്പിച്ച പരാതികൾ സംബന്ധിച്ച വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18-03-2023 തീയതിയിലെ 27/2023(1) നമ്പർ തീരുമാനത്തിൽ ചെറുപുഴ പഞ്ചായത്തിലെ 9-ാം വാർഡിൽ ജോസ്ഗിരി എന്ന സ്ഥലത്ത് അനീഷ് കരോട്ടേൽ, ജോസ്ഗിരി എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനധികൃതമായി നിർമ്മിച്ച റിസോർട്ട്, ചെറുപുഴ പഞ്ചായത്തിലെ 18-ാം വാർഡിൽ വാണിയംകുന്ന് എന്ന സ്ഥലത്ത് രാഹുൽ വി.എസ്, വടക്കേമുറിയിൽ ഹൗസ്, വാണിയംകുന്ന് പി.ഒ, ചെറുപുഴ എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനധികൃതമായി നിർമ്മിച്ച ഷട്ടിൽ ഇൻഡോർ സ്റ്റേഡിയം ഉൾപ്പെടെ നിരവധി അനധികൃത നിർമ്മാണങ്ങൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത വിഷയം അടുത്ത ഭരണസമിതി യോഗത്തിലേക്ക് ചർച്ച ചെയ്യുന്നതിന് മാറ്റി വെച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് പിന്നീട് ഭരണസമിതി തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ രണ്ട് കെട്ടിടങ്ങൾ മാത്രമാണ് അൺ ഓതറൈസ്ഡ് നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ ഉൾപ്പെടുത്തി മൂന്ന് ഇരട്ടി നികുതി ഈടാക്കുന്നത്. മേൽ പരാമർശിച്ച ഭരണസമിതി തീരുമാനത്തിലുൾപ്പെട്ടതും അല്ലാത്തതുമായ അനധികൃത നിർമ്മാണം കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ക്രമവൽക്കരിക്കുന്നതിനും നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തു നികുതി ഈടാക്കേണ്ടതാണ്.

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം 207 ബി.എ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബിഎ വകുപ്പ് റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തുനികുതി ഈടാക്കേണ്ടതുണ്ട്. ചെറുപുഴ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ച സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24 വർഷം മുതൽ) ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുതവിഭാഗത്തിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/06.11.2024) മറുപടിയായി പ്രസ്തുത വിഭാഗത്തിലുൾപ്പെടുന്ന സ്ഥാപനങ്ങൾക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന നികുതിയിളവ് റദ്ദാക്കി വസ്തു നികുതി പുനസ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ആവശ്യമായ പരിശോധന നടത്തി ഈ വിഭാഗത്തിലുൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 2023-24 ൽ പുതിയതായി നികുതി നിർണ്ണയിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ബാധകമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023-ലെ ജി.ഒ(എംഎസ്) 77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട നിലവിലുള്ള കെട്ടിടങ്ങൾക്ക് തുടർവർഷങ്ങളിൽ 5% വർദ്ധനവും 01.04.2023 മുതലുള്ള പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05.04.2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവ് അനുസരിച്ച് വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതിയ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തത് ചെറുപുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.09.2023 തീയതിയിലെ 02/2023 തീരുമാന പ്രകാരം അന്തിമമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ്, ഐ കെ എം നികുതി നിരക്ക് പുതുക്കി നിശ്ചയിക്കാൻ അയച്ചു തന്ന കെട്ടിടങ്ങളുടെ ലിസ്റ്റ് എന്നിവ സഞ്ചയയിൽ പരിശോധിച്ചതിൽ 01.04.2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട പുതിയ കെട്ടിടങ്ങളിൽ ചിലതിൽ 2013 മുതൽ പ്രാബല്യത്തിലുള്ള നികുതി നിരക്കിന്റെ 5% അധികരിച്ച നിരക്ക് മാത്രമാണ് ബാധകമാക്കിയിട്ടുള്ളതെന്ന്

കാണുന്നു. ഇപ്രകാരം 01.04.2023 ന ശേഷം പഴയ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടാകുന്നുണ്ട്. പുതിയ നികുതിദായകരുടെ നികുതി നിർണ്ണയത്തിൽ ഇപ്രകാരം കുറവുണ്ടായത് സംബന്ധിച്ച ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു. (പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും സഞ്ചയ സോഫ്റ്റ് വെയറിൽ 2023-24 വർഷത്തെ പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രം ക്രോഡീകരിച്ച് ലഭിക്കാത്തതിനാലും നികുതിനിർണ്ണയത്തിൽ ഇപ്രകാരം കുറവുണ്ടായത് സംബന്ധിച്ച് മുഴുവൻ കെട്ടിടങ്ങളുടെയും പരിശോധന സാധ്യമായിട്ടില്ല).

| വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് |
|---|---|
| 2/236സി | പാലങ്ങാട്ട് സജേഷ് കുമാർ |
| 6/354 ഡി | തകിടിക്കൽ ജ്യോതിഷ് ടി എം |
| 6/ 240ബി | മറ്റത്തിനാനിക്കൽ ഏലിയാമ്മ അഗസ്റ്റിൻ |
| 11/ 497എ | പുതിയറ ലൌലി ജോജി |

മേൽ സൂചിപ്പിച്ച പ്രകാരം പഴയ നിരക്കിൽ വസ്തുനികുതി ഈടാക്കിയ പുതിയ നികുതിദായകരുടെ (01-04-2023 മുതലുള്ള പുതിയ കെട്ടിടങ്ങൾക്ക്) വസ്തുനികുതി പരിഷ്കരിച്ച നിരക്കിലേക്ക് മാറ്റാതിരുന്നതിനാൽ വരുമാനനഷ്ടമുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/ 13.11.2024) മറുപടിയായി 2/236സി, 6/354 ഡി എന്നീ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്നും 6/ 240 ബി എന്ന കെട്ടിടം 2019 മുതലുള്ളതാണെന്നും ആയതിന് നികുതി പരിഷ്കരണം ബാധകമല്ലെന്നും ഐ.കെ.എം സഞ്ചയ സോഫ്റ്റ് വെയറിൽ മേൽ സൗകര്യങ്ങൾ ചെയ്തു തരുന്ന മുറയ്ക്ക് നികുതി നിർണ്ണയത്തിൽ കുറവുണ്ടായത് പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. 2/236സി, 6/354 ഡി എന്നീ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വസ്തു നികുതി - അനുബന്ധ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ചെറുപുഴ ഗ്രാമപഞ്ചായത്ത് വസ്തുനികുതി സംബന്ധമായി ചുവടെ കൊടുത്തിരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1.2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വാർഡ് അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ഫോറം 4 ൽ ഉള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിലെ പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ പരിശോധന പൂർണ്ണമായും നടത്താൻ സാധിച്ചിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21 (3) പ്രകാരം ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് അനുവദിക്കപ്പെടുന്ന ഏതൊരു ഇളവും ഈ ആവശ്യത്തിനായി നിശ്ചയിച്ചിട്ടുള്ള ഫാറം 11 ലുള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർത്തു സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിലെ ഒഴിവായി കിടക്കുന്ന കെട്ടിടങ്ങൾക്ക് അനുവദിച്ച ഇളവുകളുടെ പരിശോധന പൂർണ്ണമായും നടത്താൻ സാധിച്ചിട്ടില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 (6) പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കാരണങ്ങളും സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിലെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ പരിശോധന പൂർണ്ണമായും നടത്താൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 17/10.11.2024, നം. 40/13.11.2024) മറുപടിയായി സഞ്ചയ സോഫ്റ്റ് വെയറിൽ മേൽ രജിസ്റ്ററുകളുടെ എല്ലാ വിശദാംശങ്ങളും ലഭ്യമായതിനാലാണ് രജിസ്റ്ററുകൾ സൂക്ഷിക്കാതിരുന്നതെന്നും ഇനിമുതൽ പ്രസ്തുത രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ രജിസ്റ്ററുകൾ പ്രസ്തുത മാതൃകയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-19 റിസോർട്ടുകളിൽ നിന്നും നികുതികൾ, ലൈസൻസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിൽ നിന്നും വസ്തു നികുതി തൊഴിൽ നികുതി ലൈസൻസ്

ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/ 07.11.2024) മറുപടിയായി ഗ്രാമപഞ്ചായത്തിലെ ജോസ്ഗിരി എന്ന സ്ഥലത്ത് ശ്രീ അനീഷ് കരോട്ടൽ എന്നവരുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന റിസോട്ടിന് നിലവിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലെന്നും ആയതുമായി ബന്ധപ്പെട്ട് ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന അദാലത്തിൽ സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ തീരുമാനം എടുത്തിട്ടില്ലെന്നും ആയതിനാലാണ് വസ്തു നികുതി തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും നികുതി/ലൈസൻസ് ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും തസ്തികകളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ) തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി ചുമത്തുന്നതിൽ നിന്ന് സ്ഥാപനങ്ങളും ജീവനക്കാരും ഒഴിവാക്കപ്പെടുവാൻ സാധ്യത നിലനിൽക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/ 07.11.2024) മറുപടിയായി തൊഴിൽ നികുതി ചുമത്താൻ സാധിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുമെന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കി തുടർ വർഷങ്ങളിൽ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-21 വിനോദനികുതി ഈടാക്കുന്നതിലെ അപാകതകൾ

1961 ലെ Kerala Local Authorities Entertainment Tax Act ലെ സെക്ഷൻ 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടെ തിയേറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവ് ചെയ്തതിനെത്തുടർന്ന് സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ Kerala Local Authorities Entertainment Tax Act ൽ ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ Kerala Local Authorities Entertainment Tax Act ലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ അധികരിക്കാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള നിയമ വ്യവസ്ഥ നിലവിൽ വന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യ തീയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിലെ വിനോദനികുതി വരവ് സംബന്ധിച്ച് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. 31.08.2019 ലെ സ. ഉ. (കൈ) നം. 112/2019/ത.സ്വ.ഭ.വ പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയുമാണ് ഈടാക്കേണ്ടത്. എന്നാൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന എ കെ സിനി പാലസ്, ചെറുപുഴ എന്ന തീയേറ്ററിൽ നിന്ന് 2023-24 സാമ്പത്തിക വർഷത്തിൽ 4.01% നിരക്കിലാണ് വിനോദനികുതി ഈടാക്കി വരുന്നത്. ടിക്കറ്റിന്റെ അടിസ്ഥാന പ്രവേശന നിരക്ക് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത നിരക്ക് നിർണ്ണയിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

2. ഓരോ മാസത്തെയും ഡെയ്‌ലി കലക്ഷൻ റിപ്പോർട്ട് (DCR) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3.വിൽപ്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണം (സീരിയൽ ക്രമത്തിൽ), ഈടാക്കിയ വിനോദനികുതി എന്നിവ വിനോദനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് വീഴ്ചയാണ്. തീയേറ്റർ ഉടമകൾ സമർപ്പിക്കുന്ന ടിക്കറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയ പട്ടികകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് വിനോദനികുതി ഈടാക്കി വരുന്നത്.

4. ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കി ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വിനോദ നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല. തിയേറ്ററുകൾ ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിനാനുപാതികമായാണ് വിനോദ നികുതി ഈടാക്കേണ്ടതെങ്കിലും ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കി കൃത്യത പരിശോധിക്കാതെ തിയേറ്റർ അധികൃതർ ലഭ്യമാക്കുന്ന കണക്കുകൾ പ്രകാരം വിനോദനികുതി ഈടാക്കുന്ന രീതിയാണ്

തുടർന്നുവരുന്നത്. ജി.എസ്.ടി റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം ഒരോ മാസത്തെയും വിനോദ നികുതി അടുത്ത മാസം മൂന്നാം തിയതിക്ക് മുൻപ് ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതാണ്. എല്ലാ മാസവും മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി ഒടുക്കേണ്ടതാണെങ്കിലും വൈകിയാണ് നികുതി ഒടുക്കുന്നതെന്നും ലെഡ്ജർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിനോദ നികുതി വൈകി അടവാക്കുമ്പോൾ പിഴപ്പലിശ ഈടാക്കുന്നുമില്ല. വിനോദ നികുതിയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധന (തീയേറ്റർ ചെക്കിംഗ്) നടത്തിയതായി രേഖകളില്ല.

| മാസം | തുക | രസീതി നം/ അടവാക്കിയ തീയതി |
|---|---|---|
| മാർച്ച് 2023 | 6661 | 1230100190/ 24.04.2023 |
| ഏപ്രിൽ 2023 | 4712 | 1230100521/ 16.05.2023 |
| മേയ് 2023 | 8200 | 1230100900 / 15.06.2023 |
| ജൂലായ് 2023 | 3826 | 1230101678/ 22.08.2023 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/ 11.11.2024) മറുപടിയായി വിനോദ നികുതി പുനസ്ഥാപിച്ചതിനു ശേഷം ഏതൊക്കെ രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നോ, ഏതൊക്കെ രേഖപ്പെടുത്തലുകൾ ആവശ്യമെന്നോ എന്നീ കാര്യങ്ങളിൽ വ്യക്തതയില്ലാത്തതിനാലാണ് മേൽ പറഞ്ഞ അപാകതകൾ സംഭവിച്ചിട്ടുള്ളതെന്നും ഓഡിറ്റിൽ നിർദ്ദേശിച്ചിട്ടുള്ള രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് വിനോദ നികുതി ശേഖരണം കുറ്റമറ്റ രീതിയിൽ നടത്തേണ്ടതാണ്.

## 1-22 പിഗ് & ഡോഗ് ലൈസൻസുകൾ 2023-24 വർഷം പുതുക്കിയിട്ടില്ല

പിഗ് & ഡോഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 വർഷം 538 അപേക്ഷകർക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും 2023-24 കാലയളവിൽ 104 അപേക്ഷകളിലാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ബാക്കിയുള്ള ലൈസൻസുകൾ പുതുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 12/ 07.11.2024) മറുപടിയായി 2022-23 വർഷം തെരുവ് നായ ശല്യം മൂലം സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടന്ന വലിയ ക്യാമ്പയിനിന്റെ ഭാഗമായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ വാർഡ് തോറും ക്യാമ്പുകൾ നടത്തി പട്ടികൾക്ക് കുത്തിവെപ്പ് എടുത്തിരുന്നെന്നും ആയതു കാരണം എല്ലാവരും തന്നെ ലൈസൻസ് എടുത്തെന്നും എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ മേൽ പറഞ്ഞപോലൊരു സർക്കാർ നിർദ്ദേശം ഉണ്ടായില്ലെന്നും ആയതു മൂലമാണ് ലൈസൻസുകളുടെ എണ്ണത്തിൽ കുറവു വന്നതെന്നും ഇത് പരിഹരിക്കാനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പുതുക്കാൻ ബാക്കിയുള്ള ലൈസൻസുകൾ പുതുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 M/S ജിയോ ഡിജിറ്റൽ ഫൈബർ (P)ലിമിറ്റഡിന് റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി-വിശദാംശങ്ങൾ ലഭ്യമല്ല.

ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിന്റെ അപേക്ഷയും പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയറുടെ റിപ്പോർട്ടും പരിഗണിച്ച് കോലുവള്ളി അംഗൻവാടി റോഡിൽ 0 മുതൽ 600 മീറ്റർ വരെയുള്ള ചെനേജിൽ റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് ജിയോ ലിമിറ്റഡ് ഫൈബറിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25-01-2023 തീയതിയിലെ 17/2023(15) നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയിരുന്നു. റോഡ് കട്ടിംഗ് ചാർജിനത്തിൽ (ജിയോ) 2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ അദർ ഡെപ്പോസിറ്റ് എന്ന ഹെഡിൽ (340200199) 594720 രൂപ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2023-24 വർഷവും പ്രസ്തുത തുക ക്രമീകരിക്കാതെ നിലനിർത്തിയിട്ടുണ്ട്. എന്നാൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ റോഡ് റെസ്റ്റോറേഷൻ ചാർജിനത്തിൽ തുകയൊന്നും തന്നെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. M/S. ജിയോ ഡിജിറ്റൽ ഫൈബർ (P) ലിമിറ്റഡിന് റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്നും എത്ര പോളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും ആയതിന് വാടക ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വരവിനങ്ങളിലെ കുടിശ്ശിക-തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2023-24 വാർഷിക കണക്കുകൾ പ്രകാരം (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) നികുതി നികുതിയേതര വരവിനങ്ങളിൽ താഴെപ്പറയുന്ന കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | വസ്തുനികുതി (റെസിഡൻഷ്യൽ കെട്ടിടങ്ങൾ) തൻവർഷം | 5536 |
| 2 | വസ്തുനികുതി (റെസിഡൻഷ്യൽ കെട്ടിടങ്ങൾ) മുൻവർഷം | 437 |
| 3 | വസ്തുനികുതി (നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങൾ) തൻവർഷം | 139275 |
| 4 | വസ്തുനികുതി (നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങൾ) തൻവർഷം | 617809 |
| 5 | കംഫർട്ട് സ്റ്റേഷൻ മുൻവർഷം | 88750 |

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-105362 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

21.2.2023 തീയതിയിൽ ജോസ്ഗിരിയിൽ ഉണ്ടായ അപകടത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് വാഹനമായ KL.59/T 7362 -ന് കണ്ണൂർ എറം മോട്ടോഴ്സിൽ വെച്ച് നടത്തിയ റിപ്പയറിന് പ്രസ്തുത സ്ഥാപനത്തിന്റെ 40747653918 എന്ന അക്കൗണ്ട് നമ്പറിൽ 2022-23 സാമ്പത്തിക വർഷം ബിൽ നം 3270 പ്രകാരം 21.3.2023-ന് 100000 രൂപയും, 2023-24 സാമ്പത്തിക വർഷം 8.5.2023-ലെ വൗച്ചർ നം 22300066 പ്രകാരം 175602 രൂപയും അനുവദിച്ചിട്ടുണ്ട്. പോളിസി നം.130132301978-ഉള്ള പ്രസ്തുത വാഹനത്തിന്റെ ഇൻഷൂറൻസ് തുക ക്ലെയിം ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജില്ലാ ഇൻഷൂറൻസ് ഓഫീസർ സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് കണ്ണൂരിന് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ 170240 രൂപ വാഹനത്തിന്റെ ഇൻഷൂറൻസ് തുകയായി ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. റിപ്പയർ ഇനത്തിൽ ആകെ 275602 രൂപ ചെലവഴിച്ചിട്ടുണ്ട്. റിപ്പയർ ഇനത്തിൽ ഇൻഷൂറൻസ് തുക കഴിച്ച് (275602-170240=105362) 105362 രൂപയുടെ അധിക ബാധ്യത ഗ്രാമ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പയർ നടത്തുന്നതിന് പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.(ജി.ഒ.(പി.) നമ്പർ 102/2017/ഫിൻ തീയതി 07.08.2017, ജി.ഒ.(പി.) നമ്പർ 112/2017/ഫിൻ തീയതി 24.08.2017 കാണുക) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം14/8.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെ തുക ചെലവഴിച്ചതിനാൽ 105362 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 സെക്രട്ടറിയുടെ ശമ്പളം ഇനത്തിൽ അധികം അനുവദിച്ച 652 രൂപ ഈടാക്കേണ്ടതാണ്.

6.11.2023-ന് സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ച ശ്രീ.ജയകുമാറിന് നവംബർ മാസത്തെ ശമ്പളമിനത്തിൽ 652 രൂപ അധികം അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.11.2023-ലെ ടിയാന്റെ അടിസ്ഥാന ശമ്പളം-₹65200.

സെക്രട്ടറിയായി ജോലിയിൽ പ്രവേശിക്കുന്ന തീയതി-6.11.2023.

1.11.2023 മുതൽ 5.11.2023-വരെ ട്രാൻസിറ്റ്.- 65200 ÷30=2173.333333

2173.3333X5=10866.67

6.11.2023-ലെ ടിയാന്റെ അടിസ്ഥാന ശമ്പളം-₹68400
6.11.2023 മുതൽ 30.11.2023 വരെ ₹68400÷30=2280

2280X25=57000

നവംബർ മാസത്തെ ടിയാന്റെ അടിസ്ഥാന ശമ്പളം-10866.67+57000=67866.67

D.A @7%=4750.67

HRA@4%=2714.67

PCA = 233.33

ആകെ = 75565.34

ആകെ ഡിഡക്ഷൻ =16342

ശമ്പളമിനത്തിൽ അനുവദിക്കാവുന്ന തുക=59223.

1.12.2023-ലെ വൗച്ചർ നം.22300643 പ്രകാരം അനുവദിച്ച തുക 59875 രൂപയാണ്. (59875-59223=652) നവംബർ മാസത്തെ ശമ്പളയിനത്തിൽ 652 രൂപ അധികം അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/8.11.2024) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ അധികം അനുവദിച്ച 652 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. 652 രൂപ ഈടാക്കേണ്ടതാണ്.

**1-27 വിവിധ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല - 1479449 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

2023-24 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയും പ്രകാരം 1479449 രൂപ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

1)എ.ബി.സി പ്രോഗ്രാം.(പ്രൊജക്ട് നം.36/24)

| തുക | ബിൽ /ചെക്ക് നം | തുക കൈപ്പറ്റിയ സ്ഥാപനം. |
|---|---|---|
| 1,00,000 രൂപ. | 151/27.09.2023 | ജില്ലാ പഞ്ചായത്ത്, കണ്ണൂർ |

2)സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് തുക നൽകൽ.(പ്രൊജക്ട് നം.5/24)

| തുക | ബിൽ /ചെക്ക് നം | തുക കൈപ്പറ്റിയ സ്ഥാപനം. | കരാർ ഉടമ്പടി (30/2024തി.30.3.2024) പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി. |
|---|---|---|---|
| 1211869 രൂപ | 554/23.3.2024 | ഇലക്ട്രിക്കൽ ഡിവിഷൻ പയ്യന്നൂർ. | 30.9.2024 |

3)ഐ.കെ.എം ന് പഞ്ചായത്ത് വിഹിതം നൽകൽ.(പ്രൊജക്ട് നം.2/2024)

| തുക | ബിൽ /ചെക്ക് നം | തുക കൈപ്പറ്റിയ സ്ഥാപനം. |
|---|---|---|
| 167580 രൂപ. | 23191052011000534899/ 11.9.2023 | ഐ.കെ.എം. |

സർക്കുലർ നമ്പർ ഡി.എ1/179/2022തസ്വഭവ തി.10.7.2022 പ്രകാരം നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി നിക്ഷേപ പ്രവൃത്തികൾ സാമ്പത്തിക വർഷാരംഭത്തിൽതന്നെ നൽകേണ്ടതുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി കെ.എസ്.ഇ.ബി ക്ക് തുക നൽകിയിരിക്കുന്നത് 3/2024 ലാണ്. സാമ്പത്തിക വർഷാരംഭത്തിൽതന്നെ നിക്ഷേപ തുകകൾ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/7.11.2024) മറുപടിയായി ആയവ ലഭ്യമായിട്ടില്ലയെന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹1479449 യുടെ (100000+1211869+167580) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 കണ്ണൂർ വിവരസഞ്ചയിക പ്രോജക്ട് -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല - 609780 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി
പ്രൊജക്ടിന്റെ പേര്/നമ്പർ: കണ്ണൂർ വിവരസഞ്ചയിക, 47/24
അടങ്കൽ: ₹10,00,000 തനത് ഫണ്ട്

ചെലവ് തുക: ₹609780

മുകളിൽ കാണിച്ചിരിക്കുന്ന പ്രൊജക്ടിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| തുക | ബിൽ നമ്പർ | ചെലവിനം |
|---|---|---|
| 14740 രൂപ | 250/15.12.2023 | പ്രിന്റിംഗ് ചാർജ്ജ്/ ഭക്ഷണ ചെലവ്/ സ്റ്റേഷനറി |
| 7960രൂപ | 278/3.1.2024 | |
| 587080രൂപ | 561/30.3.2024 | എന്യൂമറേറ്റർമാരുടെ/ സൂപ്പർവൈസർമാരുടെ ഓണറേറിയം. |
| ആകെ: ₹609780 | | |

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ആസൂത്രണ പ്രക്രിയക്ക് ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ സർവ്വേ വഴി ശേഖരിക്കുകയും അവ ക്രോഡീകരിച്ച് ലഭ്യമാക്കുകയും ചെയ്യുക, ഇതിനാവശ്യമായ ഡാറ്റാബേസ് തയ്യാറാക്കുകയും വെബ് അധിഷ്ഠിതമായി ക്രമീകരിക്കുകയും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കുക, ഇവ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക എന്നിവയാണ് മേൽ പ്രൊജക്ടിന്റെ ലക്ഷ്യങ്ങൾ.

പ്രൊജക്ട് ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന വിവരങ്ങൾ പ്രകാരം ഡാറ്റാ ശേഖരിക്കൽ വരെയുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനങ്ങളായ ഡാറ്റാ എൻട്രി, റിപ്പോർട്ട് തയ്യാറാക്കൽ,റിപ്പോർട്ട് പ്രസിദ്ധീകരണം മുതലായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. ആയതിനാൽ പ്രോജക്ട് ഇതുവരെയായും ലക്ഷ്യം കൈവരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/7.11.2024) ഈ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്ന് വരികയാണെന്നും വിവരങ്ങൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും അറിയിക്കുകയുണ്ടായി. പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ 609780 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ഹോമിയോ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസം 2,19,403 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ.മാതൃക ഹോമിയോ ഡിസ്പൻസറി, തിരുമേനി |
| പ്രൊജക്ട് നമ്പർ/പേര് | 28/24, തിരുമേനി, കോഴ്യവള്ളി ഹോമിയോ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹6,00,000 മെയിന്റനൻസ് ഫണ്ട് |

| | |
|---|---|
| | (റോഡിതരം) |
| ചെലവ് | ₹6,00,000 ബിൽ നമ്പർ: 209/27.11.2023 |

മേൽ പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി തിരുമേനി, കോലുവള്ളി എന്നീ ഹോമിയോ ആശുപത്രികളിലേക്ക് 300000 രൂപയുടെ മരുന്നുകൾ വീതം വാങ്ങുന്നതിനായി ₹6,00,000 കേരള ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ജി എച്ച് ഡി തിരുമേനിയിൽ ₹146187/- (LF – 939, തീയതി 19/08/2024) യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി ₹153813/- യുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ആയുഷ് പി.എച്ച്.സി. ചെറുപുഴയിൽ (കോലുവള്ളി) രണ്ടു തവണകളായി മൊത്തം ₹ 234410/- (LF – 919 തീയതി 14/08/2024, LF – 1408 തീയതി 26/10/2024) യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി ₹65590 യുടെ മരുന്നുകൾ ലഭിക്കാനുണ്ട്. മരുന്നുകൾ യഥാസമയം ലഭിക്കാത്തത് ആശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോയെന്നത് സംബന്ധിച്ചും സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നം. 36/12.11.2024 മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി മരുന്നുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് ഹോംകോയിലേക്ക് രണ്ട് റിമൈൻഡർ കത്തുകൾ അയച്ചിട്ടുണ്ടെന്നും പലപ്പോഴായി ടെലിഫോൺ മുഖാന്തിരം ബന്ധപ്പെട്ടിട്ടുണ്ടെന്നും ആയതിൽ മരുന്നുകൾ എത്രയും വേഗത്തിൽ ലഭ്യമാക്കാമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാകാത്ത സാഹചര്യത്തിൽ 2,19,403/- (153813+65590) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1–30 പത്താമുദയം സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല –രേഖകൾ ഹാജരാക്കിയിട്ടില്ല 25350 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതിയിലൂടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പത്താംതരം പാസ്സാകാത്ത മുഴുവൻ പേരും പത്താം തരം പാസ്സായി സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസം നേടുന്ന ആദ്യ ജില്ലയായി കണ്ണൂരിനെ മാറ്റുക എന്നതാണ് പത്താമുദയം-സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല എന്ന പ്രോജക്ടിന്റെ ലക്ഷ്യം. ചെലവ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ ,പേര് | 24/24, പത്താമുദയം സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല . |
| അടങ്കൽ | ₹30000 (വികസനഫണ്ട്) |
| ചെലവ് | ₹25350 ബിൽ നമ്പർ: 531/24.03.2024 |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മേൽ പ്രോജക്ട് പ്രകാരം പത്താംതരം തുല്യതാ കോഴ്സിന് ഒരു പഠിതാവിന് 100 രൂപ രജിസ്ട്രേഷൻ ഫീസിനത്തിലും, 1850 രൂപ കോഴ്സ് ഫീസിനത്തിലുമായി 13 പഠിതാക്കൾക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ 57026996123 എന്ന അക്കൗണ്ട് നമ്പറിൽ 25350 രൂപ അനുവദിച്ചിട്ടുണ്ട്. തുക ഒടുക്കിയ മുഴുവൻ പഠിതാക്കളുടെയും അപേക്ഷകൾ ഹാജരാക്കിയിട്ടില്ല.
2. പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട് എന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
3. സംസ്ഥാന സാക്ഷരത മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
4. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/7.11.2024) മറുപടി ലഭ്യമാക്കാത്തതിനാൽ 25350 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1–31 ഗോത്ര സാരഥി പദ്ധതി–അധികം അനുവദിച്ച 401 രൂപ ഈടാക്കേണ്ടതാണ്.

ഒറ്റപ്പെട്ട കോളനികളിൽ നിന്ന് കുട്ടികളെ സ്കൂളിലെത്തിച്ച് പഠന നിലവാരം ഉറപ്പുവരുത്തുക, യാത്രാക്ലേശം നിമിത്തം പട്ടിക വർഗ്ഗ കോളനികളിൽ നിന്നെത്തുന്ന കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുക എന്നീ ലക്ഷ്യത്തോടെ നടപ്പാക്കിയ പ്രോജക്ടാണിത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, |
| | |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ /പേര് | 240/24, ഗോത്ര സാരഥി പദ്ധതി (സ്പിൽ ഓവർ). |
| അടങ്കൽ | ₹45000 (തനത് ഫണ്ട്) |
| ചെലവ് | ₹45000 |
| ബിൽ നം./ തീയതി/തുക (എ സി ആർ പ്രകാരം) | (1)124/7.9.2023/₹30000.<br>(2)401/22.2.2024/₹15000. |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മേൽ പ്രോജക്ട് പ്രകാരം 2022-23 സാമ്പത്തിക വർഷം 2022 ആഗസ്റ്റ് 21 മുതൽ മാർച്ച് 31 വരെ ജി.എച്ച്.എസ് .എസ് കോഴിച്ചാൽ, സെന്റ് അഗസ്റ്റ്യൻസ് എൽ.പി.സ്കൂൾ കോഴിച്ചാൽ എന്നീ വിദ്യാലയങ്ങളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കിയതിന് ഷിജു മാത്യു-എന്നയാൾക്ക് ജി.എച്ച്.എസ് .എസ് കോഴിച്ചാലിലേക്ക് 1 ദിവസം 975 രൂപ നിരക്കിൽ 157 ദിവസത്തേക്ക് 153075 രൂപയും, സെന്റ് അഗസ്റ്റ്യൻസ് എൽ.പി.സ്കൂൾ കോഴിച്ചാലിലേക്ക് 1 ദിവസം 925 രൂപ നിരക്കിൽ 158 ദിവസത്തേക്ക് 146150 രൂപയും ഉൾപ്പെടെ 299225 രൂപ അനുവദിക്കുവാനുണ്ടായിരുന്നതിൽ 254626 രൂപ 2022-23 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. അവശേഷിക്കുന്ന 44599 രൂപ സ്പിൽ ഓവർ പ്രോജക്ടിലൂടെ അനുവദിക്കുന്നതിന് പകരം മേൽ പട്ടികയിലെ ക്രമ നമ്പർ 1-ലെയും, 2-ലെയും ബിൽ പ്രകാരം 45000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി 401 രൂപ (45000-44599=401) അധികം അനുവദിച്ചതിന്റെ കാരണം അറിയിച്ചിട്ടില്ല.
2. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/7.11.2024) മറുപടി ലഭ്യമാക്കാത്തതിനാൽ പ്രോജക്ടിന്റെ ഭാഗമായി അധികം അനുവദിച്ച 401രൂപ ഈടാക്കേണ്ടതാണ്. പ്രസ്തുത തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടവാക്കുകയും ആയതിന്റെ വിവരം രേഖാമൂലം അറിയിക്കേണ്ടതും, മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

## 1-32 വാങ്ങലുകൾ നടത്തുമ്പോൾ ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല.

പഠന വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ സഹായം നൽകൽ എന്നതാണ് പഠന പരിമിതി പിന്തുണ സംവിധാനം എന്ന പ്രോജക്ടിന്റെ ലക്ഷ്യം.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ /പേര് | 21/24, പഠന പരിമിതി പിന്തുണ സംവിധാനം. |
| അടങ്കൽ | ₹200000 (വികസനഫണ്ട്) |
| ചെലവ് | ₹199042 |
| ബിൽ നം./ തീയതി/തുക | (1)227/2.12.23/₹69242.<br>(2)393/19.2.24/₹6800.<br>(3)344/29.1.24/₹82800.<br>(4)532/24.3.24/₹40200. |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകം ചുവടെ കൊടുക്കുന്നു.

8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ-പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25000 രൂപയ്ക്ക് മുകളിലും 100000 രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 31.7.2023-Invoice CT/Q0024/05/2023 പ്രകാരം 45000 രൂപ ചെലവഴിച്ച് COXIN TECHNO LOGIES HEALTH CARE എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിച്ചപ്പോൾ ലിമിറ്റഡ് ടെണ്ടർ ഒഴിവാക്കി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/7.11.2024)ന് ആദ്യമായി പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോഴുണ്ടായ അറിവില്ലായ്മ മൂലം സംഭവിച്ച പിഴവാണെന്നാണ് അറിയിച്ചിട്ടുള്ളത്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങലുകൾ നടത്തുമ്പോൾ ടെണ്ടർ നടപടി ക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

## 1-33 പാലിയേറ്റീവ് കെയർ - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 140054 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കിടപ്പ് രോഗികളുടെ ലിസ്റ്റ് തയ്യാറാക്കൽ,കിടപ്പ് രോഗികൾക്ക് സേവനം ഉറപ്പാക്കൽ, പാലിയേറ്റീവ് ഗൃഹസന്ദർശനം, സംഗമം, മരുന്ന്, ഉപകരണങ്ങൾ, സ്റ്റേഷനറി മുതലായവ വാങ്ങൽ എന്നിവയാണ് പ്രോജക്ടിന്റെ ലക്ഷ്യം.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.ചെറുപുഴ. |
| പ്രോജക്ട് നമ്പർ/ പേര് | 89/24, പാലിയേറ്റീവ് കെയർ. |
| അടങ്കൽ ₹1200000 | ₹700000 (വികസന ഫണ്ട്)<br>₹200000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹300000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹700000 (വികസന ഫണ്ട്)<br>₹86217 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹253606 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ: ₹1039823 |

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പരാമർശങ്ങൾ സംബന്ധിച്ച് രേഖകൾ/മറുപടി ലഭ്യമാക്കേണ്ടതാണ്

1. 8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ- പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25000 രൂപയ്ക്ക് മുകളിലും 100000 രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, 100000 രൂപയ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി മെഡിക്കൽ അനുബന്ധ സാധനങ്ങൾ വാങ്ങിച്ചതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | മെഡിക്കൽ അനുബന്ധ സാധനങ്ങൾവാങ്ങിച്ച സ്ഥാപനത്തിന്റെ പേര്. | ഇൻവോയ്സ് നമ്പർ/ബിൽ നം/തീയ്യതി. | തുക ₹ | തുക ഉൾപ്പെടുന്ന/ ബിൽ നമ്പർ |
|---|---|---|---|---|
| 1 | SREE RAJ SURGICALS KANNUR | INVOICE No.GST-23-24/2721/7.10.2023 | 52136 | 165/13.10.2023/52136 |
| 2 | SREE RAJ SURGICALS KANNUR | INVOICE No.GST-23-24/2750/9.10.2023 | 59930 | 179/9.11.2023/59930 |
| ആകെ | | | ₹112066 | |

ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ വാങ്ങലുകളും ഒന്നായി കണക്കാക്കാതെ തുക വേർതിരിച്ച് കാണിച്ച് ക്വട്ടേഷൻ നടപടികളിലൂടെ മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

2. മേൽ പ്രോജക്ടിന്റെ ഭാഗമായി വാഹനം ഏർപ്പെടുത്തിയതിന്റെ ക്വട്ടേഷൻ നടപടിക്രമങ്ങളും ആയത് ഭരണ സമിതി അംഗീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. പ്രോജക്ടിന്റെ ഭാഗമായി 24.6.2023-ലെ ബിൽ നം.23191052011300237018-ലെ -33870 രൂപയ്ക്ക് 28.2.2023-ലെ INVOICE No.KZD/4469/2022 പ്രകാരം വാങ്ങിച്ച മരുന്നുകൾ/മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിച്ച തുകയും, 4.7.2023-ലെ ബിൽ നം.81-ലെ-106184രൂപയ്ക്ക് 28.2.2023-ലെ INVOICE No.KZD/4462/2022 പ്രകാരം വാങ്ങിച്ച മരുന്നുകൾ/മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിച്ച തുകയും 2022-23 സാമ്പത്തിക വർഷം അനുവദിച്ചിട്ടില്ല

എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/12.11.2024) ക്രമ നമ്പർ ഒന്നിന് നൽകിയ മറുപടി തൃപ്തികരമല്ല. വാങ്ങലുകൾ നടത്തുമ്പോൾ ടെണ്ടർ നടപടിക്രമങ്ങളിലൂടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമ നമ്പർ രണ്ടിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രോജക്റ്റിന്റെ ഭാഗമായി വാഹനം ഏർപ്പെടുത്തിയതിന്റെ ക്വട്ടേഷൻ നടപടിക്രമങ്ങളും ആയത് ഭരണ സമിതി അംഗീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ക്രമ നമ്പർ മൂന്നിന് മറുപടി ലഭ്യമാക്കാത്തതിനാൽ 140054 (33870+106184) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 താത്കാലിക നിയമനം നടത്തിയ ഡോക്ടർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും അനുവദിച്ച തുകയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല-68810 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി . പുളിങ്ങോം. | |
| പ്രോജക്ട് നമ്പർ / പേര് | 110/24, പാരാമെഡിക്കൽ ജീവനക്കാരുടെ ഹോണറേറിയം | 73/24, എഫ്.എച്ച്.സി. ഡോക്ടറുടെ വേതനം |
| അടങ്കൽ | ₹ 292125 (തനത് ഫണ്ട്) | ₹ 575884 (തനത് ഫണ്ട്) |
| ചെലവ് | ₹ 292125 | ₹ 566924 |

മേൽ പട്ടികയിൽ പരാമർശിച്ച പ്രോജക്ട് നം. 110/24-ലെ ചെലവു തുകയായ 292125 രൂപയിൽ ഉൾപ്പെട്ട ബിൽ നമ്പർ 82/04.07.2023 പ്രകാരമുള്ള 17850 രൂപയുടെയും, പ്രോജക്ട് നം 73/24-ലെ ചെലവു തുകയായ 566924 രൂപയിൽ ഉൾപ്പെട്ട ബിൽ നമ്പർ 83/04.07.2023 പ്രകാരമുള്ള 50960 രൂപയുടെയും, ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/12.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മുകളിൽ പരാമർശിച്ചിട്ടുള്ള ബിൽ നമ്പറുകളിൽ ഉൾപ്പെട്ട 68810 രൂപയുടെ (17850+50960) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 കുടുംബാരോഗ്യകേന്ദ്രത്തിലും, ഉപകേന്ദ്രത്തിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - വാല്വേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല 84600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ സാധാരണക്കാർക്ക് ആരോഗ്യ രംഗത്ത് മെച്ചപ്പെട്ട സേവനം നൽകുവാൻ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, വെൽനസ്സ് പ്രവർത്തനം, ബോധവത്കരണം എന്നിവ നടത്തുകയാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. പുളിങ്ങോം. |
| പ്രോജക്ട് നമ്പർ/ പേര് | 270/24, കുടുംബാരോഗ്യ കേന്ദ്രത്തിലും, ഉപകേന്ദ്രത്തിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. |
| അടങ്കൽ | ₹419000 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹419000 |

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1. മേൽ പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ച 419000 രൂപയിൽ ഉൾപ്പെട്ട ബിൽ നമ്പർ 160/06.10.2023 പ്രകാരമുള്ള 84600 രൂപ, കാഷ് ബിൽ നമ്പർ 95/07.09.2023 പ്രിന്റ് പോയിന്റ് ചെറുപുഴ എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ച് വാങ്ങിച്ച ബോർഡുകളുടെയും, Wall Painting-ന്റെയും വാല്വേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/12.11.2024) വാല്വേഷൻ കൃത്യമായി ലഭ്യമല്ലാത്തതിനാലാണ് ഹാജരാക്കാതിരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വാല്വേഷൻ സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ 84600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കുന്നതിൽ കാലതാമസം.

2010-ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പുളിങ്ങോം കുടുംബാരോഗ്യ കേന്ദ്രം, ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവു ചെലവ് കണക്കുകൾ 2013-14 വരെ ഓഡിറ്റിന് ലഭ്യമാക്കുകയും പരിശോധിച്ച് റിപ്പോർട്ട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2014-15 വർഷം മുതലുള്ള വാർഷിക വരവു ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2014-15 വർഷം മുതലുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കാത്തത് സംബന്ധിച്ചും ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുന:സംഘടിപ്പിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/12.11.24) നൽകിയ മറുപടി തൃപ്തികരമല്ല. 2014-15 വർഷം മുതലുള്ള വാർഷിക വരവു ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 മാലിന്യ സംസ്കരണം

**ആമുഖം**

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭമാണ് ഹരിത കർമ്മസേന.

സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ, തീയതി 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/തസ്വഭവ, തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/തസ്വഭവ, തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിനിന്റെ ഉദ്ദേശ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയിരിക്കണം ഓരോ പ്രദേശത്തേയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

**ഗ്രാമപഞ്ചായത്ത് - അടിസ്ഥാന വിവരങ്ങൾ**

ചെറുപുഴ ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളാണുള്ളത്. ആകെ ജനസംഖ്യ 31893. ആൾത്താമസമുള്ള വീടുകളുടെ എണ്ണം 7559 ഉം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 997 ഉം ആണ്.

**ഹരിതകർമ്മസേന, യൂസർ ഫീസ്**

19 വാർഡുകളിലായി 35 പേരാണ് ഹരിതകർമ്മസേനയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നത്. ഹരിത കർമ്മസേനാംഗങ്ങളുടെ ശരാശരി മാസ വരുമാനം 8000 നും 10000 നും ഇടയിൽ രൂപയാണ്. യൂസർ ഫീസിനത്തിൽ എല്ലാ മാസവും ശേഖരിക്കുന്ന തുക ശരാശരി 249733.33 രൂപയുമാണ്. 2023-24 വർഷം ഹരിത കർമ്മസേനാംഗങ്ങൾക്ക് പ്രൊജക്ട് നമ്പർ 50/24 പ്രകാരം 81050 രൂപ ചെലവഴിച്ച് യൂണിഫോം വാങ്ങി നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയ്ക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് 939338 രൂപ ചെലവിൽ വാഹനം വാങ്ങി നല്കുകയും ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചു നല്കുകയും ചെയ്തിട്ടുണ്ട്. അഗതി, അതി ദരിദ്ര കുടുംബങ്ങൾ താമസിക്കുന്ന വീടുകളെ യൂസർ ഫീസ്

ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.ഇതിനായി പ്രൊജക്ട് നം 265/24 പ്രകാരം 28000 രൂപ വീടുകൾക്കായി ചെലവഴിച്ചിട്ടുണ്ട്.

2023-24 വർഷത്തിൽ നിയമലംഘനം നടത്തിയ വിവിധ സ്ഥാപനങ്ങളിൽ നിന്നും 151900 രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്.

**മാലിന്യ ശേഖരണം**

മാലിന്യ ശേഖരണ കലണ്ടർ തയ്യാറാക്കി വീടുകൾക്ക് നൽകുകയും അപ്രകാരം തന്നെ മാലിന്യ ശേഖരണം നടക്കുകയും ചെയ്തിട്ടുണ്ട്.

ഹരിതകർമ്മസേന ശേഖരിച്ചിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 244/24 പ്രൊജക്ട് വെക്കുകയും ഇതിനായി തൻവർഷം 109717 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 14629 കിലോ ലെഗസി മാലിന്യങ്ങൾ ഇപ്രകാരം നീക്കം ചെയ്തിട്ടുണ്ട്. ഇതിനായി ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്കായ കിലോഗ്രാമിന് 7.5 രൂപ രേഖപ്പെടുത്തിയ ഓലയമ്പാടി തിരുവോണം ഇക്കോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്ത് നൽകുകയുമാണ് ചെയ്തിരിക്കുന്നത്. ഹരിത കർമ്മസേനാംഗങ്ങൾ പ്രതിമാസം ശേഖരിക്കുന്ന മാലിന്യങ്ങൾ കൂടാതെ ശുചീകരണ ക്യാമ്പയിൻ, പഞ്ചായത്ത് തല ശുചീകരണം എന്നിവ നടത്തുമ്പോൾ ലഭിക്കുന്ന മാലിന്യങ്ങളും കൃത്യമായി തരംതിരിച്ച് ഈ സ്ഥാപനത്തിന് നൽകുന്നുണ്ട്.

ഹരിത കർമ്മസേനക്ക് താഴെ പറയും പ്രകാരം വരുമാനം 2023-24 വർഷത്തിൽ ലഭ്യമായിട്ടുണ്ട്.

| ഇനം | തുക |
|---|---|
| യൂസർ ഫീ | 2996800രൂപ |
| Recyclable മാലിന്യങ്ങൾ വിറ്റ വകയിൽ | 214780 രൂപ |
| ആകെ | 3211580 രൂപ |

ഇപ്രകാരം ഉയർന്ന വരുമാനമുള്ളതുകൊണ്ടുതന്നെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് വിനിയോഗിക്കേണ്ടതായി വരുന്നില്ല.

**എംസിഎഫ്**

ഗ്രാമപഞ്ചായത്തിൽ 1 എം സി എഫും 19 മിനി എം.സി.എഫും ഉണ്ട്. എം സി എഫ് ഭ്രദാനം എന്ന സ്ഥലത്ത് ആണ് ഇത് സ്ഥിതിചെയ്യുന്നത്. ഇവിടേക്ക് ടാറിംഗ് റോഡ് സൗകര്യം ഉണ്ട്. എം സി എഫിൽ ശുചിമുറി, റസ്റ്റ് റൂം, കസേര, മേശ തുടങ്ങിയ സൗകര്യങ്ങളും കുടിവെള്ള സൗകര്യവും ഫയർ എക്സ്റ്റിംഗ്വിഷറും ഉണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഈ മേഖലയിൽ പരിശീലനം നല്കിയിട്ടില്ല.

**ഹരിതമിത്രം ആപ്**

ഹരിതമിത്രം ആപ്പിൽ കൃത്യമായി രജിസ്റ്റർ ചെയ്താണ് വെയ്സ്റ്റ് കൈകാര്യം ചെയ്യുന്നത്. ഇതിനായി 2023-24 വർഷം 300000 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഉപസംഹാരം**

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നല്ല നിലയിൽ നടക്കുന്നുണ്ട്. അജൈവ മാലിന്യങ്ങൾ സംഭരിച്ച് കരാറെടുത്തിരിക്കുന്ന സ്ഥാപനത്തിന് കൈമാറുന്നതിനാൽ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടാകാറില്ല. പൊതു ജനങ്ങളിൽ ഏകദേശം എഴുപത് ശതമാനത്തോളം ആൾക്കാർ മാത്രമാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതെന്നും ജനങ്ങളുടെ മനോഭാവത്തിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും വി.ഇ ഒ അറിയിക്കുകയുണ്ടായി. (04.11.2024 തീയതിയിലെ 1/24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും ഓഡിറ്റ് പരിശോധനയുടെ അടിസ്ഥാനത്തിലുമാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്)

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത - 7500 രൂപയുടെ നഷടം

സ.ഉ (അച്ചടി)നം.25/2023/തസ്വഭവ, 05.04.23, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 4 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് വരെയുള്ളവ | 40 | 70 |
| 4 | ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ | 55 | 75 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി ചെറുപുഴ ഗ്രാമപഞ്ചായത്ത് 15.09.2023 തീയതിയിൽ 02/2023 തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2,3,4 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6,10,50,65 എന്നിങ്ങനെയാണ്. എന്നാൽ താഴെ പറയുന്ന 2023-24 കാലയളവിലെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു. (രസീത് നമ്പർ 1230106532, 1230106533, 1230106534, 1230106535 തീയതി 23-02-2024 യഥാക്രമം 84 E, F, G, H കെട്ടിടങ്ങൾ) വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ സ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപ യോഗ ക്രമം | ഇളവ്/ വർദ്ധ നവ് | സഞ്ചയയിൽ ഉൾപ്പെട്ടുത്തിയ കെട്ടിടത്തിന്റെ ഉപ വിഭാഗം/ നിരക്ക് | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപ വിഭാഗം/ നിരക്ക് | ഈടാക്കിയ നിരക്ക് (ലൈബ്രറി സെസ്സ് 5% ഉൾപ്പടെ) | ഈടാക്കേണ്ട നിരക്ക് (ലൈബ്രറി സെസ്സ് 5%) | വ്യത്യാസം (വാർഷിക വസ്തുനികുതി) |
|---|---|---|---|---|---|---|---|---|---|---|
| 1 | വാർഡ് 19/84ഇ | അഞ്ചില്ലത്ത് കബീർ | 75.18 | ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ | 20% വർദ്ധനവ്/ 10% ഇളവ് | മേൽ പട്ടികയിലെ ക്രമ | മേൽ പട്ടികയിലെ ക്രമ | 520 | 4343 | 3823 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | റെസിഡൻഷ്യൽ ബിൽഡിംഗ്സ് | | നമ്പർ 1/₹6 | നമ്പർ 3/₹50 | | | |
| 2 | വാർഡ് 19/84 എഫ് | അഞ്ചില്ലത്ത് കബീർ | 75.19 | ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ്സ് | 20% വർദ്ധനവ്/ 10% ഇളവ് | മേൽ പട്ടിക യിലെ ക്രമ നമ്പർ 1/₹6 | മേൽ പട്ടിക യിലെ ക്രമ നമ്പർ 3/₹50 | 520 | 4343 | 3823 |
| 3 | വാർഡ് 19/84ജി | അഞ്ചില്ലത്ത് കബീർ | 72.27 | ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ്സ് | 20% വർദ്ധനവ്/ 10% ഇളവ് | മേൽ പട്ടിക യിലെ ക്രമ നമ്പർ 1/₹6 | മേൽ പട്ടിക യിലെ ക്രമ നമ്പർ 3/₹50 | 500 | 4176 | 3676 |
| 4 | വാർഡ് 19/84 എച്ച് | അഞ്ചില്ലത്ത് കബീർ | 72.26 | ലോഡ്ജിംഗ് ഹൌസ് ആന്റ് സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ്സ് | 20% വർദ്ധനവ്/ 10% ഇളവ് | മേൽ പട്ടിക യിലെ ക്രമ നമ്പർ 1/₹6 | മേൽ പട്ടിക യിലെ ക്രമ നമ്പർ 3/₹50 | 500 | 4176 | 3676 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/11.11.2024) 2023 ലെ ഉത്തരവിൻ പ്രകാരം നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ വ്യക്തി 2023-24 രണ്ടാം അർദ്ധ വർഷത്തിൽ രൂപ 1020/-(250+250+260+260) പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നു. എന്നാൽ പ്രസ്തുത വ്യക്തി പഞ്ചായത്തിൽ 2023-24 രണ്ടാം അർദ്ധ വർഷം വസ്തുനികുതിയിനത്തിൽ ഒടുക്കേണ്ട ശരിയായ തുക രൂപ 8520/-(2088+2088+2172+2172) യാണ് ആയതിനാൽ പഞ്ചായത്തിനു 7500 (8520-1020) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് പ്രസ്തുത വ്യക്തിയിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 05-11-2024 & 06-11-24 | നം.കെ.എസ്.എ./കെ.എൻ.ആർ./ സി.1/1744/2024 തീയതി: 18.12.2024 |

ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 24-06-2024 തീയതിയിലെ 136/2024നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് AIMS സോഫ്റ്റ്‌വെയറിൽ 26-06-2024 തീയതിയിൽ ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ

വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധം 3-1,3-2,3-3 ആയി ചേർത്തിട്ടുണ്ട്.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്ന് 4292101 രൂപയും പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 4149717 രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | മുന്നിരിപ്പ് ₹ | തൻവർഷം ലഭിച്ച തുക ₹ | ആകെ ₹ | പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 0 | 500000 | 500000 | വാഴഗ്രാമം പദ്ധതി,9/24 | 500000 | 0 |
| | 0 | 86217 | 86217 | പാലിയേറ്റീവ് കെയർ,89/24 | 86217 | 0 |
| | 0 | 620000 | 620000 | ലൈഫ് ഭവനനിർമ്മാണം ജനറൽ,235/24(സ്പിൽ ഓവർ) | 620000 | 0 |
| | 0 | 360000 | 360000 | ലൈഫ് 20-20ഭവനനിർമ്മാണം പട്ടികജാതി 43/24 | 360000 | 0 |
| | 0 | 86000 | 86000 | ലൈഫ് 20-20ഭവനനിർമ്മാണം പട്ടികവർഗ്ഗം 44/24 | 86000 | 0 |
| | 0 | 1180000 | 1180000 | ലൈഫ് ഭവനനിർമ്മാണം ജനറൽ,37/24 | 1180000 | 0 |
| | 0 | 660000 | 660000 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് .ബത്ത ,20/24 | 660000 | 0 |
| | 0 | 557500 | 557500 | ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് പാൽ വില സബ്സിഡി,14/24 | 557500 | 0 |
| | 0 | 100000 | 100000 | പട്ടികവർഗവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 15/24 | 100000 | 0 |
| ആകെ | 0 | 4149717 | 4149717 | | 4149717 | 0 |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 0 | 50000 | 50000 | ചെറുധാന്യകൃഷി പ്രോത്സാഹനപദ്ധതി,12/24 | 50000 | |
| | 0 | 253606 | 253606 | പാലിയേറ്റീവ് കെയർ,89/24 | 253606 | 0 |
| | 0 | 260000 | 260000 | ലൈഫ് ഭവനനിർമ്മാണം ജനറൽ,235/24 (സ്പിൽ ഓവർ) | 260000 | 0 |
| | 0 | 160000 | 160000 | ലൈഫ് 20-20ഭവനനിർമ്മാണം പട്ടികജാതി 43/24 | 160000 | 0 |
| | 0 | 420000 | 420000 | ലൈഫ് 20-20ഭവനനിർമ്മാണം പട്ടികവർഗ്ഗം 44/24 | 420000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | 0 | 1680000 | 1680000 | ലൈഫ് ഭവനനിർമ്മാണം ജനറൽ,37/24 | 1680000 | 0 |
| | 0 | 350000 | 350000 | ലൈഫ് ഭവനനിർമ്മാണം ഭൂരഹിതഭവനരഹിതർ പട്ടികവർഗം അഡീഷണൽ 229/24 (സ്പിൽ ഓവർ) | 350000 | 0 |
| | 0 | 400000 | 400000 | ലൈഫ് ഭവനനിർമ്മാണം ഭൂരഹിതഭവനരഹിതർ പട്ടികജാതിഅഡീഷണൽ 234/24 (സ്പിൽ ഓവർ) | 400000 | 0 |
| | 0 | 220000 | 220000 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് .ബത്ത ,20/24 | 220000 | 0 |
| | 0 | 498495 | 498495 | ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് പാൽ വില സബ്സിഡി,14/24 | 498495 | 0 |
| ആകെ | 0 | 4292101 | 4292101 | | 4292101 | 0 |

കുറിപ്പ് : സംയുക്ത പദ്ധതികൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം 2698098 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1390917രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 1307181 രൂപ) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച വിനിയോഗിക്കാതെയുള്ള വിഹിതം അതാത് ഹെഡുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വര്ഷം | നിര്വ്വഹണ ഏജന്സി | പ്രവൃത്തിയുടെ പേര്,പ്രോജക്ട് നമ്പർ | വൗച്ചർ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2023-24 | കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ,5/24 | 22301085/30-03-2024 | **1211869** | **0** | **1211869** |
| | ആകെ | | | **1211869** | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചട ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാ വസാനം തിരിച്ചട ക്കാൻ ബാക്കി യുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.എസ്) നമ്പർ-68/2018/ത.സ്വ.ഭ.വ തീയതി 18-05-2018, സ.ഉ.(കൈ) നം. 53/22 എൽ എസ് ജി ഡി തീയതി 11.03.22 | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 10348688 | 46756000 | 57104688 | 3709499 | 0 | 53395189 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2023-24 വർഷത്തിൽ ലഭിച്ച തുകയുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1 | 2014-15 | 2-2 | 2500 | ജോസ് തടത്തിൽ | 1230104054/15-12-2023 |
| 2 | 2014-15 | 2-2 | 2500 | ജോബി എൻ.ജെ | 1230104055/15-12-2023 |
| 3 | 2014-15 | 2-2 | 500 | അജികുമാർ എം.വി | 1230104088/16-12-2023 |
| 4 | 2022-23 | 1-15 എ | 10,000 | ഉത്തം സുധം ഖത്തം | 1230107553/20-03-2024 |
| | ആകെ | | 15500 | | |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.വാർഷികകണക്കുകൾ പ്രകാരമുള്ള തുകയുടെ ഐ എൽ ജി എൽ എം എസിൽ നിന്നും ലഭ്യമായ വിശദാംശങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2 | വസ്തു നികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹129990543 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹109103486 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹7500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹1053 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **₹2732808** |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-13 | 7500 | | ശ്രീ ജയകുമാർ ആർ,സെക്രട്ടറി ചെറുപുഴ ഗ്രാമപഞ്ചായത്ത് |
| 1-26 | | 652 | ശ്രീ ജയകുമാർ, സെക്രട്ടറി, ചെറുപുഴ ഗ്രാമപഞ്ചായത്ത്. |
| 1-31 | | 401 | ശ്രീ മോഹനൻ ടി.പി, ഹെഡ് മാസ്റ്റർ, ചെറുപുഴ ഗ്രാമപഞ്ചായത്ത് |
| ആകെ | 7500 | 1053 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 105362 | ശ്രീമതി രമാദേവി ഇ.ബി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) ചെറുപുഴ ഗ്രാമപഞ്ചായത്ത്. |
| 1-27 | 1479449 | ശ്രീമതി രമാദേവി ഇ.ബി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) ചെറുപുഴ ഗ്രാമപഞ്ചായത്ത് (167580+100000)<br>2.ശ്രീ ജയകുമാർ ആർ, സെക്രട്ടറി ചെറുപുഴ ഗ്രാമപഞ്ചായത്ത് (1211869) |
| 1-28 | 609780 | 1.ശ്രീ പ്രതീഷ് വി.വി, സെക്രട്ടറി ചെറുപുഴ ഗ്രാമപഞ്ചായത്ത് (14740 രൂപ)<br>2.ശ്രീമതി രമാദേവി ഇ.ബി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) ചെറുപുഴ ഗ്രാമപഞ്ചായത്ത് (7960രൂപ)<br>3.ശ്രീ ജയകുമാർ ആർ,സെക്രട്ടറി ചെറുപുഴ ഗ്രാമപഞ്ചായത്ത് (587080 രൂപ) |

| | | |
|---|---|---|
| 1-29 | 219403 | ഡോ.ജയദീപ് പി, മെഡിക്കൽ ഓഫീസർ, ജി എച്ച് ഡി, ചെറുപുഴ ഗ്രാമപഞ്ചായത്ത് . |
| 1-30 | 25350 | ശ്രീ മോഹനൻ ടി.പി, ഹെഡ്മാസ്റ്റർ |
| 1- 33 | 140054 | ഡോ.സേതുലക്ഷ്മി, മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ,ചെറുപുഴ ഗ്രാമപഞ്ചായത്ത്. |
| 1-34 | 68810 | ഡോ.സേതുലക്ഷ്മി, മെഡിക്കൽ ഓഫീസർ,ഫാമിലി ഹെൽത്ത് സെന്റർ,ചെറുപുഴ ഗ്രാമപഞ്ചായത്ത്. |
| 1-35 | 84600 | ഡോ.സേതുലക്ഷ്മി, മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ, ചെറുപുഴ ഗ്രാമപഞ്ചായത്ത്. |
| **ആകെ** | **2732808** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജയകുമാർ ആർ,സെക്രട്ടറി ചെറുപുഴ ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയില്ല. | ലഭ്യമാക്കിയില്ല. |
| ശ്രീ പ്രതീഷ് വി.വി,സെക്രട്ടറി ചെറുപുഴ ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയില്ല. | ലഭ്യമാക്കിയില്ല. |
| ശ്രീമതി രമാദേവി ഇ.ബി,അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) ചെറുപുഴ ഗ്രാമപഞ്ചായത്ത് | അസിസ്റ്റന്റ് സെക്രട്ടറി, ചെറുപുഴ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല. | കിഴക്കെ ഇലഞ്ഞിക്കൽ,ചെറുപുഴ (പി ഒ),കണ്ണൂർ ജില്ല. |
| ശ്രീ മോഹനൻ ടി.പി,ഹെഡ്മാസ്റ്റർ,ചെറുപുഴ ഗ്രാമപഞ്ചായത്ത്. | ഹെഡ്മാസ്റ്റർ,ചെറുപുഴ ഗ്രാമപഞ്ചായത്ത്. | പുത്തൂർ പാച്ചേനി, ഏറ്റുകുടുക്ക, കരിവെള്ളൂർ, കണ്ണൂർ ജില്ല. |
| ഡോ.സേതുലക്ഷ്മി,മെഡിക്കൽ ഓഫീസർ,ഫാമിലി ഹെൽത്ത് സെന്റർ,ചെറുപുഴ ഗ്രാമപഞ്ചായത്ത്. | ശമ്പളരഹിത അവധിയിൽ പ്രവേശിച്ചു. | ലഭ്യമാക്കിയിട്ടില്ല. |
| ഡോ.ജയദീപ് പി,മെഡിക്കൽ ഓഫീസർ ,ജി എച്ച് ഡി ,ചെറുപുഴ ഗ്രാമപഞ്ചായത്ത് . | മെഡിക്കൽ ഓഫീസർ ,ജി എച്ച് ഡി ,ചെറുപുഴ ഗ്രാമപഞ്ചായത്ത് . | ലഭ്യമാക്കിയിട്ടില്ല. |

**എഫ് )ഓഡിറ്റ് എൻക്വയറി പ്രകാരം അടവാക്കിയ തുകകളുടെ വിവരം.**

| എൻക്വയറി | വിഷയം | അടവാക്കിയ | രസീത് നം./ തീയതി / |
|---|---|---|---|

| നം. | | തുക | അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 5000/- | 1240102560/ തീയതി 08.11.2024/ മാനേജിംഗ് ഡയറക്ടർ പടിഞ്ഞാത്ത് ഗോൾഡ് ആന്റ് ഡയമണ്ടസ് |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102627/ തീയതി 13.11.2024/ പി ആർ രാജേന്ദ്രൻ ചെറുപുഴ,മിനി സൈക്കിൾ കമ്പനി |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102584/ തീയതി 11.11.2024/ ഷോബിൻ കെസി, കണിയാംകുന്നേൽ, ഫ്രണ്ടസ് ഓട്ടോമൊബൈൽസ് |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102623/ തീയതി 13.11.2024/ ജോണിവർക്കി,അപ്പോളോ ഏജൻസി |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102585/ തീയതി 11.11.2024/ അജ്മൽ കാസിം, തിരുമേനി, ലുലു ബസാർ |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 8000/- | 1240102586/ തീയതി 11.11.2024/ ജോഷ് ജോസഫ്, ചെറുപുഴ, ഹോട്ടൽ എലഗൻസ് |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102604/ തീയതി 12.11.2024/ പ്രശാന്ത് പാലക്കാമണ്ണിൽ ചെറുപുഴ, ഇമേജിൻ പ്രിന്റേർസ് |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102625/ തീയതി 13.11.2024/ തോമസ് ചോക്കോ, ചിറ്റാരിക്കാൽ ടോംസ് എൻജിനീയറിംഗ് |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102587/ തീയതി 11.11.2024/ അബ്ദുൾ നിസ്താർ, കീത്തേടത്ത്, മലബാർട്രേഡേർസ് |

| | | | |
|---|---|---|---|
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102588/ തീയതി 11.11.2024/ മുഹമ്മദ് കുഞ്ഞി ചെറുപുഴ |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 1000/- | 1240102589/ തീയതി 11.11.2024/ റോബിൻ സെബാസ്റ്റ്യൻ, ചിറ്റാരിക്കാൽ, സി ജെ ബിൽഡേർസ് |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 500/- | 1240102590/ തീയതി 11.11.2024/ ഒ ടി എ റഹ്മാൻ, മച്ചിയിൽ, ഷൂ ലാന്റ് |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102624/ തീയതി 13.11.2024/ സണ്ണി മൈക്കിൾ, കടുമേനി, സെന്റ് മേരീസ് ഓയിൽ മിൽ |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102591/ തീയതി 11.11.2024/ അബ്ദുൾ നസീർ എൻ, ചെറുപുഴ, മിഹ്റാജ് സ്റ്റോപ്പ് |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102592/ തീയതി 11.11.2024/ വിമൽ കുമാർ പി, വയലായി, സ്വീറ്റ് ലാന്റ് |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 200/- | 1240102606/ തീയതി 12.11.2024/ പി രാമചന്ദ്രൻ, മുളപ്ര, മൊബ്സില്ല മൊബൈൽസ് |
| 12 തീയതി 07.11.2024 | മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായി ലൈസൻസ് ഫീസ് ഈടാക്കി | 250/- | 1240102626/ തീയതി 13.11.2024/ അനിൽ കുമാർ കെ എസ് പ്രാപ്പൊയിൽ, എൻ ടി എസ് അക്കാദമി |
| 12 തീയതി 07.11.2024 | പാരാമെഡിക്കൽ രജിസ്റ്റ്രേഷൻ നടത്താത് സംബന്ധിച്ച് | 50/- | 1240102605/ തീയതി 12.11.2024/ഫെബ ജോർജ്ജ് |
| 12 തീയതി 07.11.2024 | തൊഴിൽ നികുതി തെറ്റായി ഈടാക്കി | 150/- | 1240102582/ തീയതി 11.11.2024/ വെറ്ററിനറി സർജ്ജൻ ഗവ. വെറ്ററിനറി ഡിസ്പെൻസറി ചെറുപുഴ |

| | | | |
|---|---|---|---|
| 12 തീയതി 07.11.2024 | തൊഴിൽ നികുതി തെറ്റായി ഈടാക്കി | 300/- | 1240102583/ തീയതി 11.11.2024/ ഡോ. ഷാ മേനോൻ, നിത്യചൈതന്യ ഡെന്റൽ ക്ലീനിക്ക് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 1353/2022/ തീയതിഃ 04.11.2022 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 1353/2022/ തീയതിഃ 04.11.2022 | 2 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 1353/2022/ തീയതിഃ 04.11.2022 | 2 |
| 2009-10 & 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 1353/2022/ തീയതിഃ 04.11.2022 | 4 |
| 2011-12& 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 1353/2022/ തീയതിഃ 04.11.2022 | 2 |
| 2013-14& 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 1353/2022/ തീയതിഃ 04.11.2022 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 1353/2022/ തീയതിഃ 04.11.2022 | 2 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 1353/2022/ തീയതിഃ 04.11.2022 | 3 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 1353/2022/ തീയതിഃ 04.11.2022 | 3 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 1353/2022/ തീയതിഃ 04.11.2022 | 8 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.1 /541/22 തീയതി: 13.09.22 | 20 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.1 /542/22 തീയതി: 16.09.22 | 28 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.1/789/23 തീയതി:03.07.23 | 15 |
| 2022-23 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.1/84/2024 തീയതി 06-02-2024 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 136/2024 dated 24-06-2024 and submitted on 25-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Cherupuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Cherupuzha Grama Panchayat as on 31-03-2024

**Date: 18/12/2024**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Cherupuzha Grama Panchayat for the Year 2023-2024 .

**1.Major Observations**

Nil

**2.Other Observations**

1. Discrepancies in calculating the Gross surplus/deficit of Income Over Expenditure in Income and Expenditure statement

2. Discerpancies in expenditure of Health Grant

3. Grant amount shown as liability in Balance sheet does not match with Bank account opened for the specified grant account.

4. The land value is not shown in B -11 Schedule

5. Depreciation provided for assets is more than book value.

6. The Block Panchayath,District Panchayath Shares have not duly spend or repaid and are still shown as liability.

7. The amount of works for which part bill was given are not included in Balance sheet B-11 (b) Schedule.

8. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

9. Mandatory financial statements such as Ratios, B1 Schedule prescribed in 2011 kerala panchayat raj accounting rules not submitted for audit.comparitive amounts for the preceding year ,prescribed in 2011 kerala panchayat raj accounting rules not recorded.

10. Lapses in making timely and accurate demand entries in respect of tax and non tax revenue

11. Year end Physical stock verification for the Financial year 2023-24 has not been conducted and certified.

12. Asset register is not updated.

13. An amount of Rupees 241133 recorded as stale cheque in B-9 Schedule of the Annual Financial Statement has not been transferred to the Panchayat Fund.

14. Lapses in making timely action to obtain balance amount of Receivables of Redemption from Government.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

### 1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Cherupuzha Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2023 to 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 55053071.00 |
| Cash | Cash | RP-40(a) | 189946.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2356975.00 |
| 140000000 | Fees & User Charges | RP-4 | 6179107.00 |
| 150000000 | Sale & Hire Charges | RP-5 | 336537.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14126400.00 |
| 171000000 | Interest Earned | RP-9 | 1478527.00 |
| 190000000 | Prior Period Income | RP-11 | 32800.00 |
| 311000000 | Earmarked Funds | RP-28 | 1520.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 53299706.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 14934874.00 |
| 460000000 | Loans, Advances and Deposits | RP-49 | 16000.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 35262787.00 |
| 340000000 | Deposits Received | RP-33 | 112879.00 |
| 350000000 | Other Liabilities | RP-35 | 1852431.00 |
| | **Grand total** | | **185233560.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 119160.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 510.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2051830.00 |
| 460000000 | Loans, Advances and Deposits | RP-49 | 145000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 92879.00 |
| 350000000 | Other Liabilities | RP-35 | 106694107.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 76025513.00 |
| Cash | Cash | RP-40(b) | 104561.00 |
| | **Grand Total** | | **185233560.00** |

### 2. ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Cherupuzha Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2023 to 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 11693909.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1884821.00 |
| 140000000 | Fee & User Charges | I-4 | 6743289.00 |
| 150000000 | Sale & Hire Charges | I-5 | 336537.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 221021026.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1544947.00 |
| 180000000 | Other Income | I-9 | 0.0 |
| | **Total Income** | | **243224529.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 16381600.00 |
| 220000000 | Administrative Expenses | I-11 | 2215684.00 |
| 230000000 | Operations & Maintenance | I-12 | 2138517.00 |
| 240000000 | Interest & Finance Charges | I-13 | 1275.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9168023.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 108284541.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5306694.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 61390185.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 56344100.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 50926.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 71707336.00 |
| | **Total Expenditure** | | **332988881.00** |
| | **Gross Surplus / Deficit of income over Expenditure** | | **-89764352.00** |
| | **Gross Surplus / Deficit of income over Expenditure** | | **-83968581.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -6356633.00 |
| 190000000 | Prior Period Income | I-19 | 560862.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-5795771.00** |

**3.ബാലൻസ് ഷീറ്റ്**

| **Cherupuzha Grama Panchayat BALANCE SHEET**<br>For the period from 01-April-2023 to 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -50046925.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 39517.00 |
| 312000000 | Reserves | B-3 | 171730699.00 |
| | **Total Reserve & Surplus** | | **121723291.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 28445457.00 |
| | **Total Grants, Contributions for Specific Purposes** | | **28445457.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 53395189.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **53395189.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1204347.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3457227.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **4661574.00** |
| | **TOTAL LIABILITIES** | | **208225511.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1463234.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1324884.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8066956.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 297063982.00 |
| 416000000 | Accumulated Depreciation | B-11(a) | -188420422.00 |
| | **Total Fixed Assets** | | **119498634.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2863772.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 76130074.00 |
| 460000000 | Loans, Advances and Deposits | B-18 | 9733031.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |

| | | | |
|---|---|---|---|
| | **Total Current Assets, Loans and Advances** | | **88726877.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **208225511.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ